പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 361 — 10.7.2008 ൽ മറുപടിക്ക്

പെട്രോളിയം ഉൽപ്പന്നങ്ങളെ ഷെഡ്യൂളം വിഭാഗങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ<br>ശ്രീ. ബാബു പോൾ<br>ശ്രീ. വി. എസ്. സുനിൽ കുമാർ<br>ശ്രീ. കെ. രാജു<br>ശ്രീ. രാജാജി മാത്യു തോമസ് | ഡോ.ടി. എം. തോമസ് ഐസക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) പെട്രോളിയം ഉൽപ്പന്നങ്ങളെ ഷെഡ്യൂളം വിഭാഗങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള കേന്ദ്ര നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഈ നിർദ്ദേശത്തോടുള്ള സംസ്ഥാന ഗവൺ മെൻറിൻെറ അഭിപ്രായം അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) ഉണ്ടായിട്ടുണ്ട്. വിമാന ഇന്ധനത്തേയും ഗാർഹിക ഉപഭോഗത്തിനായുള്ള പാചക വാതകത്തേയും പ്രഖ്യാപിത ചരക്കുകളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം ഉണ്ടായിട്ടുണ്ട്. ഇതിൻെറ അടിസ്ഥാനത്തിൽ കേരള മൂല്യവർദ്ധിത നികുതി നിയമം 2003 ൽ ഭേദഗതി വരുത്തുകയും കേരള ധനകാര്യബിൽ 2006 പ്രകാരം ഗാർഹിക ഉപഭോഗത്തിനുള്ള പാചക വാതകം 3..ാം പട്ടികയിൽ ഇനം 98എ ആയി 4% നിരക്കിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വിമാന ഇന്ധനത്തിന് 01.04.2008 മുതൽ 4% നികുതി നിരക്ക് കേരള ധനകാര്യ ബിൽ 2008 മുഖേന നിശ്ചയിച്ചുവെങ്കിലും ഈ നിരക്ക് സംസ്ഥാനത്ത് പ്രായോഗികമായി നിലവിൽ വന്നിട്ടില്ല. ഈ സാമ്പത്തിക വർഷം ഏപ്രിൽ മെയ് മാസങ്ങളിൽ എണ്ണക്കമ്പനികൾ 25% നിരക്കിൽ തന്നെയാണ് നികുതി അടച്ചു വന്നിട്ടുള്ളത്. |
| (ബി) കസ്റ്റംസ് തീരുവയുടെ എത്ര ശതമാനം സംസ്ഥാനത്തിനു ലഭിക്കുന്നുണ്ട്; പെട്രോളിയം ഉൽപ്പന്നങ്ങളുടെ കസ്റ്റംസ് തീരുവ കേന്ദ്ര ഗവൺമെൻറ് ഇളവ് ചെയ്തിട്ടുള്ളതായി അറിയാമോ; എങ്കിൽ എത്ര ശതമാനം; | (ബി) 12..ാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് 30.5% കസ്റ്റംസ് തീരുവ സംസ്ഥാന ഗവൺമെൻറുകൾക്കായി കേന്ദ്രം നൽകുന്നുണ്ട്. 30.5% ൽ സംസ്ഥാന ഗവൺ മെൻറിൻെറ വിഹിതം 2.665% മാത്രമാണ്. പെട്രോൾ, ഡീസൽ ഇറക്കുമതിയിലുണ്ടായിരുന്ന കസ്റ്റംസ് ഡ്യൂട്ടി 7.5% ആയിരുന്നു. ഇത് 2.5% ആയി കുറവുചെയ്തിട്ടുണ്ട്. മറ്റ് പെട്രോളിയം ഉൽപ്പന്നങ്ങളുടെ കസ്റ്റംസ് ഡ്യൂട്ടി 5% ആണ്. |
| (സി) ഇത്തരത്തിൽ കസ്റ്റംസ് തീരുവ ഇളവ് ചെയ്തതു മൂലം സംസ്ഥാനത്തിന് പ്രതിവർഷമുണ്ടാകുന്ന റവന്യൂ നഷ്ടം എത്രയാണ്; ഈ നഷ്ടത്തെക്കുറിച്ചു കേന്ദ്ര ഗവൺ മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കേന്ദ്ര ഗവൺ മെൻറിൻെറ സമീപനം എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ? | (സി) സംസ്ഥാനത്തിന് റവന്യൂ നഷ്ടം ഉണ്ടാകും. എന്നാൽ കൃത്യമായ വിവരം ലഭിച്ചിട്ടില്ല. ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ.

12-ാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ: 362 10.7.2008-ലെ മറുപടിക്ക്

## ഡ്രൈവിംഗ് ടെസ്റ്റുകൾ കാര്യക്ഷമമാക്കാൻ നടപടി

ചോദ്യം

ഉത്തരം

ശ്രീ. എ.എം. ആരിഫ്
ശ്രീ. എ. പ്രദീപ് കുമാർ
ശ്രീ. ബാബു. എം. പാലിശ്ശേരി
ശ്രീ.കെ കുഞ്ഞിരാമൻ
ശ്രീ .എം.എം മോനായി

ശ്രീ. മാത്യു .ടി. തോമസ്
(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

(എ) ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനുള്ള ടെസ്റ്റുകൾ കാര്യക്ഷമമായി നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(എ) ഡ്രൈവിംഗ് ലൈസൻസുകൾ നൽകുന്നത് കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ചും ട്രാൻസ്പോർട്ട് കമ്മീഷണർ പുറപ്പെടുവിക്കുന്ന വിവിധ സർക്കുലറുകൾ പ്രകാരവുമാണ്. ഒരു മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറും ഒരു അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറും ചേർന്ന ടീമാണ് ലൈറ്റ് മോട്ടോർ വെഹിക്കിൾ ലൈസൻസിനും, ഇരുചക്ര വാഹനങ്ങൾക്കുമുള്ള ടെസ്റ്റ് നടത്തുന്നത്.പാർട്ട് '1 'പാർട്ട് '2' എന്നിങ്ങനെ രണ്ട് വിഭാഗമായി തിരിച്ച് പാർട്ട് 1 -ൽ മോട്ടോർ സൈക്കിളിനും ഓട്ടോറിക്ഷയ്ക്കും '8' ട്രാക്കിലും ലൈറ്റ് മോട്ടോർ വാഹനങ്ങൾക്ക 'H' ട്രാക്കിലും ഗ്രൗണ്ട് ടെസ്റ്റുകൾ നടത്തിയ ശേഷം പാർട്ട് 2-ൽ റോഡ് ടെസ്റ്റും

നടത്തുന്നുണ്ട്. ഒരു ജോയിന്റ് ആർ.ടി.ഒ യും ഒരു എം.വി.ഐ യും അടങ്ങുന്ന ടീമാണ് ഹെവി വെഹിക്കിൾ ലൈസൻസിനുള്ള ടെസ്റ്റ് നടത്തുന്നത്. റോഡ് ടെസ്റ്റ് നടത്തുമ്പോൾ അപേക്ഷകന്റെ ഡ്രൈവിംഗ് വൈദഗ്ധ്യം അളക്കുന്നതിന് ഒരു ചെക്ക് ലിസ്റ്റും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഒരു ദിവസം നടത്താവുന്ന ടെസ്റ്റുകൾ 40 ആയി നിജപ്പെടുത്തിയിട്ടുണ്ട്.ഇത് അപേക്ഷകന്റെ ഡ്രൈവിംഗ് വൈദഗ്ധ്യം പൂർണ്ണമായ രീതിയിൽ പരിശോധിക്കുന്നതിന് ഉതകുന്നതാണ്. ആർ.ടി.ഒ, ജോയിന്റ് ആർ.ടി.ഒ തുടങ്ങിയ മേൽ ഉദ്യോഗസ്ഥർ ഇടയ്ക്കിടയ്ക്ക് സൂപ്പർ ചെക്ക് ടെസ്റ്റുകൾ നടത്താറുണ്ട്

| | | | |
|---|---|---|---|
| (ബി) | ഡ്രൈവിംഗ് ടെസ്റ്റിംഗ് ഗ്രൗണ്ടുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | മോട്ടോർ വാഹനവകുപ്പിന് സ്വന്തമായ ടെസ്റ്റിംഗ് ഗ്രൗണ്ടുകൾ ഇല്ല. ലഭ്യമായ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിയാണ് ഇപ്പോൾ ടെസ്റ്റ് നടത്തുന്നത്. മിക്ക സ്ഥലങ്ങളിലും പൊതുവായ ഗ്രൗണ്ടുകളിലാണ് ഇപ്പോൾ ടെസ്റ്റ് നടത്തുന്നത് |

| | | |
|---|---|---|
| (സി) | മോട്ടോർ ഡ്രൈവിംഗ് സ്കൂളുകൾ നടത്തുന്നതിന് ലൈസൻസ് നൽകുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണ്; | (സി) കേന്ദ്ര മോട്ടോർ വാഹനനിയമത്തിലെ ചട്ടം 24,27 പ്രകാരം നിഷ്കർഷിക്കുന്ന അടിസ്ഥാന സൗകര്യവും മതിയായ പാർക്കിംഗ് ലഭ്യതയും,നിശ്ചിത യോഗ്യതയുള്ള അധ്യാപകരും ഡ്രൈവിംഗ് സ്കൂൾ നടത്തിപ്പിന് അനിവാര്യമാണ്. അപേക്ഷകനും സ്കൂളിലെ ജോലിക്കാരും സൽസ്വഭാവികൾ ആയിരിക്കണം. സ്വന്തമായോ വാടകയ്ക്കോ അപേക്ഷകന് സ്ഥലം ഉണ്ടായിരിക്കണം, പരിശീലനം നൽകുന്ന ഓരോ ഇനത്തിലെയും കുറഞ്ഞത് ഓരോ വാഹനം വീതം വേണം. മോട്ടോർ സൈക്കിൾ ഒഴികെ മറ്റ് വാഹനങ്ങൾക്ക് 'ഡ്യൂൽ കൺട്രോൾ സിസ്റ്റം' ഉണ്ടായിരിക്കണം. പരിശീലനം നൽകുന്ന ആൾക്ക് കുറഞ്ഞത് അഞ്ച് വർഷത്തെ ഡ്രൈവിംഗ് പരിചയം,പത്താം ക്ലാസ്സ് വിജയം. മോട്ടോർ മെക്കാനിസത്തിലുള്ള കോഴ്സ് സർട്ടിഫിക്കറ്റ് ഇംഗ്ലീഷ് അഥവാ പ്രാദേശിക ഭാഷയിലുള്ള പരിജ്ഞാനം എന്നിവ ഉണ്ടായിരിക്കേണ്ടതാണ്. ഡ്രൈവിംഗ് സ്കൂളിൽ ബ്ളാക്ക്ബോർഡ്, റോഡ് പ്ലാൻ, റോഡ് സൈനുകൾ, വാഹനത്തിന്റെ വിവിധ ഭാഗങ്ങൾ, ഓട്ടോമാറ്റിക് സിഗ്നൽ സിസ്റ്റം, എൻജിൻ ഗിയർബോക്സ് സ്പാനറുകൾ പഞ്ചർ കിറ്റ്, ഫസ്റ്റ് എയ്ഡ് ബോക്സ്, വിദ്യാർത്ഥികൾക്കുള്ള ബഞ്ച്, കസേര, മേശ എന്നിവയും ആവശ്യമാണ്. |

| | | | |
|---|---|---|---|
| (ഡി) | മിക്ക ഡ്രൈവിംഗ് സ്ക്കൂളുകളിലും നിയമ പ്രകാരം ആവശ്യമായ പല സൗകര്യങ്ങളും ഉപകരണങ്ങളും ലഭ്യമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) | നിയമപ്രകാരം ആവശ്യമായ എല്ലാ സൗകര്യങ്ങളും ഉപകരണങ്ങളും ഉള്ള സ്കൂളുകൾക്ക് മാത്രമേ ലൈസൻസ് നൽകാവൂ എന്നാണ് നിഷ്കർഷിച്ചിരിക്കുന്നത് പരിശോധന വേളകളിൽ മേൽപ്പടി നിബന്ധനകളിൽ വീഴ്ച വരുത്തിയതായി ബോധ്യപ്പെട്ടാൽ ഉടനടി ലൈസൻസ് സസ്പെന്റ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യാറുണ്ട്. |
| (ഇ) | എങ്കിൽ ഇതു സംബന്ധിച്ച പരിശോധന നടത്തുമോ; | (ഇ) | ആക്ഷേപങ്ങൾ ശ്രദ്ധയിൽപെട്ടാൽ പരിശോധന നടത്തി നടപടി സ്വീകരിക്കുന്നതാണ്. |
| (എഫ്) | കഴിഞ്ഞ വർഷം വിവിധ ഇനം വാഹനങ്ങൾക്കുള്ള എത്ര ഡ്രൈവിംഗ് ലൈസൻസുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (എഫ്) | കഴിഞ്ഞ വർഷം വിവിധ ഇനം വാഹനങ്ങൾക്കുള്ള ഡ്രൈവിംഗ് ലൈസൻസുകൾ നൽകിയത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| മോട്ടോർ സൈക്കിൾ | - | 2,27,371 |
| എൽ. എം.വി | - | 1,78,289 |
| ത്രീ വീലർ | - | 59,076 |
| ഹെവി വെഹിക്കിൾസ് | - | 34,911 |
| മറ്റ് വാഹനങ്ങൾ | - | 234 |
| ആകെ | | 4, 99,881 |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.363 10-7-2008-ൽ മറുപടിക്ക്

**സമ്പൂർണ്ണ ശുചിത്വ പരിപാടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വർക്കല കഹാർ<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.കെ.ബാബു | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ നടപ്പാക്കിവരുന്ന വിവിധ ശുചീകരണ പരിപാടികൾ ഏകോപിപ്പിച്ച് ഒരു സമ്പൂർണ്ണ ശുചിത്വ പരിപാടി. ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന നിർദ്ദേശം പരിഗണനയിൽ ഉണ്ടോ; | (എ) | തദ്ദേശ സ്വയംഭരണ വകുപ്പ് 2006 ഒക്ടോബറിൽ ആരംഭിച്ച മാലിന്യമുക്ത കേരളം പരിപാടിയുടെ ആക്ഷൻ പ്ലാനാണ് 2007 നവംബർ 1 ന് ബഹു.രാഷ്ട്രപതി ഉദ്ഘാടനം ചെയ്തത്. പ്രസ്തുത ആക്ഷൻ പ്ലാൻ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്താകെ ഊർജ്ജിതമായി നടപ്പിലാക്കിവരികയാണ്. ഇതൊരു സമ്പൂർണ്ണ ശുചിത്വപരിപാടിയാണ്. |
| (ബി) | എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധവകുപ്പുകളെ കോർത്തിണക്കി ബഹുജന പങ്കാളിത്തത്തോടെ നടത്തുന്ന പ്രസ്തുത പ്രവർത്തനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ക്ലീൻ കേരള സാനിട്ടേഷൻ മിഷൻ എന്നീ പദ്ധതികൾ ഇപ്പോൾ നിലവിലുണ്ടോ; | (സി) | 31-1-2008-ലെ ഗവൺമെന്റ് ഉത്തരവ്, ജി.ഒ.(എം.എസ്) നം.31/2008/തസ്വഭവ പ്രകാരം മാലിന്യ നിർമ്മാർജ്ജനത്തിന് ക്ലീൻ കേരള മിഷനും കേരള സമ്പൂർണ്ണ ശുചിത്വ ആരോഗ്യമിഷനും സംയോജിപ്പിച്ച് ശുചിത്വ മിഷൻ രൂപീകരിക്കുകയും മുൻപ് ഈ സ്ഥാപനങ്ങൾ നടപ്പിലാക്കിയിരുന്ന പദ്ധതികൾ എല്ലാം തുടരുകയും ചെയ്യുന്നുണ്ട് |

---- ----

(ഡി) എങ്കിൽ ഈ പദ്ധതികളുടെ പ്രവർത്തനത്തെക്കുറിച്ച് അവലോകനം നടത്താനും ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ഡി) മാലിന്യമുക്തകേരളം പദ്ധതിയുടെ പുരോഗതി അവലോകനം നടത്തുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആ രംഗത്തുള്ള പ്രവർത്തനങ്ങൾ പരിശോധിച്ച് അംഗീകാരം നൽകുന്നതുമാണ്. 2008 ആഗസ്റ്റ് 31 വരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി ഗാന്ധിജയന്തിയോടനുബന്ധിച്ച് അവാർഡ് അംഗീകാരം നൽകുന്നതാണ്. ഇതിന് പുറമെ താഴെപ്പറയുന്ന ഔദ്യോഗിക അവലോകന സംവിധാനവും നിലവിലുണ്ട്.

1) ഇന്ത്യാ ഗവൺമെന്റിന്റെ, ബഹു.ഗ്രാമ വികസന വകുപ്പു മന്ത്രി/സെക്രട്ടറി തലത്തിലുള്ള മോണിറ്ററിംഗ്.

2) സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി/സെക്രട്ടറിതല അവലോകനയോഗം.

3) സംസ്ഥാന തലത്തിലും മേഖലാതലത്തിലും അവലോകനം

4) ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാരുടെ അവലോ കന യോഗം.

5) ഗ്രാമ/ബ്ലോക്ക്/ജില്ലാ തലങ്ങളിൽ അവലോകനയോഗങ്ങൾ .

6) പദ്ധതി പുരോഗതി നിരീക്ഷിക്കുന്ന തിനായി ഓൺലൈൻ മോണിറ്ററിംഗ് സംവിധാനവും വീഡിയോ കോൺ ഫറൻസ് സംവിധാനവും നിലവിലുണ്ട്.

7) ജില്ലാതല/സംസ്ഥാന തല ഉദ്യോഗ സ്ഥരുടെ ഫീൽഡ് പരിശോധനയും നടത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

1) പരിസരശുചിത്വത്തിന്റെ പ്രാധാന്യവും പങ്കാളിത്തവും ഉറപ്പുവരുത്തിക്കൊണ്ട് സ്കൂളുകൾ, ആശുപത്രികൾ, അംഗനവാടികൾ, കോളനികൾ, ചന്തകൾ, പൊതുസ്ഥലങ്ങൾ, പൊതുസ്ഥാപനങ്ങൾ, വീടുകൾ എന്നിവ കേന്ദ്രീകരിച്ച് 2006 ഒക്ടോബർ മുതൽ 5 വിപുലമായ ശുചീകരണ കാമ്പയിനുകൾ സംഘടിപ്പിച്ചു.

2) സുരക്ഷിതമായ ടോയ്‌ലറ്റുകൾ എല്ലാ വീടുകളിലും, സ്ഥാപനങ്ങളിലും ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ സഹായത്തോടെ 863 ഗ്രാമപഞ്ചായത്തുകൾ 100% ടോയ്‌ലറ്റുകളും നിർമ്മിക്കുന്ന നില കൈവരിച്ചു. സംസ്ഥാനത്ത് 2008-09 വർഷം എല്ലാ വീടുകൾക്കും എല്ലാ സ്ഥാപനങ്ങൾക്കും ടോയ്‌ലറ്റ് സൗകര്യം ഏർപ്പെടുത്താനും ലക്ഷ്യമിട്ടിട്ടുണ്ട്.

3) തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ വീടുകൾ, ഹോട്ടലുകൾ, ചന്തകൾ, അറവുശാലകൾ, വിനോദസഞ്ചാരകേന്ദ്രങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ, കമ്മ്യൂണിറ്റി ഹാളുകൾ, പൊതുസ്ഥാപനങ്ങൾ. എന്നിവിടങ്ങിൽ നിന്നും ഉൽപാദിപ്പിക്കുന്ന ഖര-ദ്രവ മാലിന്യങ്ങളുടെ സമഗ്രമായ സർവ്വേ സംഘടിപ്പിക്കുകയും ശുചിത്വ സമീപന രേഖ 999 ഗ്രാമപഞ്ചായത്തുകളും ഗ്രാമസഭകൾ ചേർന്ന് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

4) ഖര-ദ്രവ മാലിന്യ പരിപാലനത്തിനുള്ള ഘടകം കൂടി ഉൾപ്പെടുത്തി സമ്പൂർണ്ണ ശുചിത്വ പരിപാടി പുതുക്കുകയും 14 ജില്ലകൾക്കും കൂടി 90 കോടി രൂപയുടെ അധിക കേന്ദ്ര സഹായം നേടിയെടുക്കുകയും ചെയ്തു.

5) കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ നിർമ്മൽ ഗ്രാമ പുരസ്കാരത്തിന് 2007-ൽ 219 ഗ്രാമപഞ്ചായത്തുകളും 6 ബ്ലോക്ക് പഞ്ചായത്തുകളും തെരഞ്ഞെടുക്കപ്പെട്ടു. ഈ വർഷം 637 ഗ്രാമപഞ്ചായത്തുകളുടേയും, 110 ബ്ലോക്ക് പഞ്ചായത്തുകളുടെയും 7 ജില്ലകളുടെയും അപേക്ഷകൾ നൽകുന്നതിന് സാധിച്ചു.

6) കെ.എസ്.യു.ഡി.പി., ജെ.എൻ.എൻ.യു.ആർ.എം, യു.ഐ.ഡി.എസ്.എസ്.എം.ടി. എന്നീ പദ്ധതികൾ ഖര-ദ്രവമാലിന്യ സംസ്കരണത്തിന് മുൻതൂക്കം നൽകിയാണ് നടപ്പിലാക്കുന്നത്. മാലിന്യ സംസ്കരണത്തിനായി നഗരസഭകൾക്ക് 811.59 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നേടുകയും പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

7) ഉറവിടത്തിൽതന്നെ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുന്ന സംവിധാനം നഗരസഭകളിൽ നടപ്പാക്കി വരുന്നു.

8) 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ സംസ്ഥാനത്ത് നിർമ്മിക്കുന്നതും, വിൽപ്പന നടത്തുന്നതും ഉപയോഗിക്കുന്നതും തടഞ്ഞുകൊണ്ട് നിരോധനം കൂടുതൽ ശക്തമായി നടപ്പാക്കി വരുന്നു. ഇതിനായി വിപുലമായ ബോധവൽക്കരണ ക്യാമ്പയിൻ 2007 ജൂലൈ മാസത്തിൽ സംഘടിപ്പിച്ചിരുന്നു.

9) സർക്കാർ ഓഫീസുകളുടെയും, പൊതുസ്ഥാപനങ്ങളുടെയും അകവും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള കർമ്മ പരിപാടി ആവിഷ്കരിച്ച് വകുപ്പുകളുടെ നേതൃത്വത്തിൽ നടപ്പാക്കി വരുന്നു.

10) പൊതുജനങ്ങൾ കൂടുതൽ എത്തിച്ചേരുന്ന പൊതുസ്ഥാപനങ്ങളിൽ പൊതു ശുചിത്വ കോംപ്ലക്സും, യാത്രക്കാരും, തീർത്ഥാടകരും കൂടുതലായി എത്തിച്ചേരുന്ന ബസ്സ്റ്റേഷനുകളിലും, തീർത്ഥാടനകേന്ദ്രങ്ങളിലും ശുചിത്വ - വിശ്രമ കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

11) പദ്ധതി നടത്തിപ്പിനായി സന്നദ്ധപ്രവർത്തകർക്ക് സംസ്ഥാന ജില്ലാ ഗ്രാമതലത്തിൽ സാങ്കേതിക പരിശീലനം നൽകുകയും, പദ്ധതി ആസൂത്രണത്തിനുള്ള കൈപുസ്തകവും, സാങ്കേതിക വിദ്യകളുടെ മാന്വലും പ്രസിദ്ധീകരിക്കുകയും ചെയ്തു.

12) നഗരപ്രദേശങ്ങളിലേക്ക് സാമ്പത്തിക സാങ്കേതിക സഹായം നൽകി വന്നിരുന്ന ക്ലീൻ കേരള മിഷനേയും, ഗ്രാമപ്രദേശങ്ങളിലേക്ക് സഹായം എത്തിച്ചിരുന്ന സമ്പൂർണ്ണശുചിത്വ ആരോഗ്യ മിഷനേയും സംയോജിപ്പിച്ച് ''ശുചിത്വ മിഷൻ'' രൂപീകരിച്ചിട്ടുണ്ട്.

[signature]

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 364 -ാം നമ്പർ ചോദ്യം 10.07.2008 -ലെ മറുപടിക്ക്

### എ.ഡി.ബി. വായ്പ

| ചോദ്യം | ഉത്തരം |
| --- | --- |
| പ്രൊഫ. കെ.വി. തോമസ് | ഡോ. റ്റി.എം. തോമസ് ഐസക്<br>ബഹു. ധനകാര്യ വകുപ്പു മന്ത്രി |
| എ) ഈ സർക്കാർ അധികാരമേറ്റശേഷം എ.ഡി.ബി. വായ്പ വാങ്ങുന്നതിന് പുതിയ നിബന്ധനകൾ വച്ചിട്ടുണ്ടോ; | മുനിസിപ്പൽ, കോർപ്പറേഷനുകളുടെ സുസ്ഥിര വികസനത്തിന് എ.ഡി.ബി. വായ്പ വാങ്ങാൻ കരാർ വച്ചപ്പോൾ ഈ സർക്കാർ 21 കോടി രൂപയോളം ചെലവ് വരുന്ന പ്രോജക്ട് മാനേജ്മെൻറ് കൺസൾട്ടൻസിക്ക് പകരം പരമാവധി 5.6 കോടി രൂപ ചെലവ് വരുന്ന ടെക്നിക്കൽ സപ്പോർട്ട് യൂണിറ്റ് സ്ഥാപിക്കുവാൻ തീരുമാനിച്ചു. |
| ബി) എ.ഡി.ബി. വായ്പയായി ഇതുവരെ എത്ര തുക ലഭിച്ചു; | സംസ്ഥാന സർക്കാർ എ.ഡി.ബി. യിൽ നിന്ന് വായ്പ നേരിട്ട് സ്വീകരിക്കുന്നില്ല. തുക ചെലവഴിച്ചശേഷം സമർപ്പിക്കുന്ന ക്ലെയിമിന് എ.ഡി.ബി. റിഇംബേഴ്സ്മെൻറായി അനുവദിക്കുന്ന തുക കേന്ദ്രസർക്കാർ വഴി സംസ്ഥാന സർക്കാരിന് ലഭിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇപ്രകാരം കേരള സുസ്ഥിര നഗര വികസന പദ്ധതിക്കായി 29.5.2008 വരെ 595.29 ലക്ഷം രൂപയും സുനാമി അടിയന്തര സഹായ പദ്ധതിക്കായി 30.6.2008 വരെ 3077.71 ലക്ഷം രൂപയും ലഭിക്കുകയുണ്ടായി. രണ്ട് പദ്ധതികൾക്കും കൂടി ആകെ 3673 ലക്ഷം രൂപ ലഭിച്ചു. |

| | |
|---|---|
| സി) ഏതെല്ലാം മേഖലകൾക്കാണ് വായ്പ ലഭിച്ചത്? | കേരള സുസ്ഥിര നഗര വികസന പദ്ധതിയിൻ കീഴിൽ ലഭിക്കുന്ന വായ്പ നഗരങ്ങളുടെ ശുദ്ധജല വിതരണം, സിവറേജ് ആന്റ് സാനിറ്റേഷൻ, സ്റ്റോം വാട്ടർ ഡ്രെയിനേജ്, ഖരമാലിന്യ നിർമ്മാർജ്ജനം, റോഡുകൾ, നഗര സാമൂഹ്യവികസനം, കാര്യശേഷി കെട്ടിപ്പടുക്കലും പദ്ധതി മാനേജ്മെന്റും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകൾക്കായി വിനിയോഗിക്കാനായാണ് ലഭിച്ചിട്ടുള്ളത്.<br>സുനാമി അടിയന്തര സഹായ പദ്ധതിയിൻകീഴിൽ ലഭിക്കുന്ന വായ്പ ജീവനോപാധി, റോഡ്-പാലം പുനരുദ്ധാരണം, തുറമുഖം-അഴിമുഖം എന്നിവയുടെ പുനരുദ്ധാ-രണം, ജലവിതരണം, റൂറൽ അടിസ്ഥാന സൗകര്യ പദ്ധതി നിർമ്മാണ സഹായം എന്നീ മേഖലകൾക്കായി വിനിയോഗിക്കാനാണ് ലഭിച്ചിട്ടുള്ളത്. |

അക്കൗണ്ട്സ് ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 365 10.07.2008- ൽ മറുപടിക്ക്.

ഭൂനികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്:<br>ശ്രീ. പി. ജയരാജൻ:<br>ശ്രീ. ജോർജ് എം. തോമസ്:<br>ശ്രീ. കെ.സി. രാജഗോപാലൻ:<br>ശ്രീ. എസ്. രാജേന്ദ്രൻ: | ശ്രീ. കെ.പി.രാജേന്ദ്രൻ<br>(ബഹു:റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ഭൂനികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) ഭൂനികുതി പിരിവ് സംബന്ധിച്ച് താലൂക്ക്തലത്തിൽ തഹസിൽദാർമാരും ജില്ലാ തലത്തിൽ ജില്ലാ കളക്ടർമാരും എല്ലാ മാസവും അവലോകനയോഗങ്ങൾ നടത്തുകയും ഭൂ നികുതി പിരിവ് പുരോഗതി അവലോകനം നടത്തി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശം എല്ലാ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും നല്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷക്കാലത്തിനിടയിൽ സംസ്ഥാനത്തെ ഭൂനികുതി പിരിവിൽ ഗണ്യമായ വർദ്ധന ഉണ്ടായിട്ടുണ്ട്. 2005-06 വർഷം 114.46 കോടി രൂപയായിരുന്ന ഭൂനികുതി വരുമാനം 2006-07 വർഷത്തിൽ 118.32 കോടി രൂപയായും, 2007-08 വർഷത്തിൽ 139.04 കോടി രൂപയായും വർദ്ധിച്ചിട്ടുണ്ട്. ഭൂനികുതി പിരിവ് ഊർജ്ജിതമായി നടക്കുന്നുവെന്നതിന്റെ തെളിവാണിത്. |

തുടർച്ച....

| | | | |
|---|---|---|---|
| (ബി) | ഭൂനികുതി കുടിശ്ശിക പിരിക്കുന്നതിന് പ്രത്യേകമായി ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടോ; | (ബി)യും (സി) യും | ഇല്ല. (നിലവിലുള്ള വില്ലേജ് ജീവനക്കാർ മുഖാന്തിരമാണ് ഭൂനികുതി പിരിക്കുന്നത്). |
| (സി) | എങ്കിൽ ഇതിന്റെ ഫലമായി കുടിശ്ശിക പിരിവിൽ എന്തു മാത്രം പുരോഗതി ഉണ്ടായിട്ടുണ്ട്; | | |
| (ഡി) | ഭൂനികുതിയുടെ കാര്യത്തിൽ ഏതെല്ലാം വിഭാഗങ്ങൾക്കാണ് ഇളവ് അനുവദിച്ചിട്ടുള്ളത്; ഇളവ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ? | (ഡി) | ഭൂനികുതിയുടെ കാര്യത്തിൽ ഒരു വിഭാഗത്തിനും യാതൊരു വിധ ഇളവുകളും അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ

**8-ാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 366 10.07.2008 ൽ മറുപടിയ്ക്ക്

**13-ാം ധനകാര്യ കമ്മീഷനു നൽകേണ്ട നിവേദനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. വി.ജെ. തങ്കപ്പൻ<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>ശ്രീ. പി. വിശ്വൻ<br>പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ. റ്റി. എം. തോമസ്സ് ഐസക്,<br>ധനകാര്യ വകുപ്പ് മന്ത്രി |
| (എ) പതിമൂന്നാം ധനകാര്യ കമ്മീഷനു നൽകേണ്ട നിവേദനം തയ്യാറാക്കുന്നതനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ? | (എ) ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഇതിനോടകം എന്തെല്ലാം നടപടികൾ സ്വീകരിച്ചു? | (ബി) പതിമൂന്നാം ധനകാര്യ കമ്മീഷനു സമർപ്പിക്കാനുള്ള നിവേദനം തയ്യാറാക്കുന്നതിന് ധനമന്ത്രി ചെയർമാനും പ്രൊഫ: പ്രഭാത് പട്നായിക് (വൈസ് ചെയർമാൻ, സംസ്ഥാന ആസൂത്രണ ബോർഡ്), ശ്രീ. കെ.വി. രബീന്ദ്രൻ നായർ (മുൻ കേരള ചീഫ് സെക്രട്ടറി), ശ്രീ.പി.ജെ.തോമസ്സ് (ചീഫ് സെക്രട്ടറി), ശ്രീ.എൽ.സി. ഗോയൽ (ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി), ശ്രീ.അശ്വിനി കുമാർ റായ് (സെക്രട്ടറി, ധനകാര്യ എക്സ്പെന്റിച്ചർ), ശ്രീ. റ്റി.കെ. മനോജ് കുമാർ (സെക്രട്ടറി, ധനകാര്യ റിസോഴ്സസ്), ഡോ. പിനാകി ചക്രവർത്തി (അസോസിയേറ്റ് ഫെല്ലോ, സി.ഡി.എസ്സ്, തിരുവനന്തപുരം) എന്നിവർ അംഗങ്ങളുമായി ഒരു ഡ്രാഫ്റ്റിംഗ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മറ്റിയുടെ മൂന്ന് മീറ്റിംഗ് ഇതിനോടകം നടന്നിട്ടുണ്ട്. |
| (സി) ഇക്കാര്യത്തിൽ സംസ്ഥാനം സ്വീകരിക്കുന്ന തന്ത്രം എന്തായിരിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) സംസ്ഥാനം സ്വീകരിക്കേണ്ട നിലപാട് സംബന്ധിച്ചുള്ള ചർച്ചകൾ നടന്നു വരുകയാണ്. |
| (ഡി) നിവേദനം തയ്യാറാക്കുന്നതിനു മുമ്പ് വിവിധ സംഘടനകളുമായി ചർച്ച നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 367 — 10.07.08 ൽ മറുപടിയ്ക്ക്

## ഫ്ളെക്സി ചാർജ്ജ് സമ്പ്രദായം ഏർപ്പെടുത്തണമെന്ന ആവശ്യം

| ചോദ്യം: | ഉത്തരം : |
|---|---|
| ശ്രീമതി ഇ. എസ്. ബിജിമോൾ<br>ശ്രീ. എൻ. രാജൻ<br>ശ്രീ. എ.കെ. ചന്ദ്രൻ<br>ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീ. കെ. അജിത്ത് | ശ്രീ. മാത്യു. ടി. തോമസ്<br>(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സീസൺ അനുസരിച്ച് ബസ് യാത്രക്കൂലി വർദ്ധിപ്പിക്കാനും കുറയ്ക്കാനും അവസരം ലഭിക്കുന്ന ഫ്ളെക്സി ചാർജ്ജ് സമ്പ്രദായം ഏർപ്പെടുത്താൻ അനുവദിക്കണമെന്ന് കെ എസ് ആർ ടി സി ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; | എ) ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു. |
| ബി) ഫ്ളെക്സി ചാർജ്ജ് വർദ്ധന ഏർപ്പെടുത്തുന്നതുകൊണ്ട് എന്തെങ്കിലും നേട്ടമുണ്ടോ ; ഉണ്ടെങ്കിൽ അവ എന്താണെന്ന് വ്യക്തമാക്കുമോ ; | ബി) അന്തർ സംസ്ഥാനം ഉൾപ്പെടെയുള്ള ദീർഘദൂര സർവ്വീസുകളിൽ വാരാന്ത്യങ്ങളിലും ഉൽസവകാലങ്ങളിലുമാണ് ബസ്സുകളിൽ സീറ്റുകൾ നിറയുന്നത്. ഫ്ളെക്സി ചാർജ്ജ് സമ്പ്രദായം ഏർപ്പെടുത്തുകയാണെങ്കിൽ, ഫാസ്റ്റ് പാസഞ്ചർ മുതലുള്ള ദീർഘദൂര സൂപ്പർക്ലാസ് സർവ്വീസുകളിൽ പരമാവധി ഈടാക്കാവുന്ന നിരക്ക് സർക്കാർ തീരുമാനിക്കുകയും തിരക്ക് കുറവുള്ള സമയങ്ങളിൽ അതിൽ നിന്നും നിരക്ക് കുറച്ച് ഈടാക്കുന്നതിന് കെ എസ് ആർ ടി സി ക്ക് അനുമതി നൽകുകയുമാണ് ചെയ്യേണ്ടത്. നിരക്ക് കുറയ്ക്കുന്നതു വഴി കൂടുതൽ യാത്രക്കാർക്ക് ഇത്തരം സർവ്വീസുകളിൽ യാത്ര ചെയ്യുവാൻ കഴിയുകയും അതിലൂടെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയുമെന്നും കെ.എസ്.ആർ.ടി സി. പ്രതീക്ഷിക്കുന്നു. അയൽ സംസ്ഥാനങ്ങളിൽ ഇത്തരം ചാർജ്ജ് പരീക്ഷിച്ച് വിജയിച്ചിട്ടുമുണ്ട് |

| | |
|---|---|
| സി) ഡീസൽ വില വർദ്ധനവിനുശേഷം യാത്രക്കൂലി വർദ്ധനവ് സംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ, ഉണ്ടെങ്കിൽ വിശദമാക്കുമോ ? | സി) ഡീസൽ, ലൂബ്രിക്കന്റ്, സ്പെയർപാർട്ട്സ്, ടയർ ഇവയുടെ വില വർദ്ധനവ് കണക്കിലെടുത്ത് കെ എസ് ആർ ടി സി യും സ്വകാര്യ ബസുടമകളും ബസ് ചാർജ്ജ് വർദ്ധന ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 368– 10.07.2008– ൽ മറുപടിയ്ക്ക്

*സംസ്ഥാന ട്രഷറികളിൽ നടപ്പാക്കിയ പൗരാവകാശരേഖ*

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ജെ. ജേക്കബ്<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. സാജു പോൾ | ധനകാര്യ വകുപ്പുമന്ത്രി |

| | | |
|---|---|---|
| (എ) | സംസ്ഥാനത്തെ ട്രഷറികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ പൗരാവകാശ രേഖ ഉറപ്പു നൽകുന്ന സേവനങ്ങൾ ലഭ്യമാകില്ല എന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | ഉണ്ട്. |
| (ബി) | ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | സംസ്ഥാനത്തെ ട്രഷറികളിലെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. ട്രഷറിപ്രവർത്തനങ്ങൾ തടസ്സപ്പെടാതെ വൈദ്യുതി സ്ഥിരത ഉറപ്പാക്കുന്നതിനു വേണ്ടി 2100 എസ്.എം.എഫ് ബാറ്ററികൾ ട്രഷറികളിൽ വിതരണം ചെയ്തു കഴിഞ്ഞു. |

| | | |
|---|---|---|
| | | 2. ട്രഷറി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനുമായി CUG കമ്മ്യൂണിക്കേഷൻ സംവിധാനം നടപ്പിലാക്കി വരുന്നു. |
| | | 3. കാലഹരണപ്പെട്ട 1500 കമ്പ്യൂട്ടറുകൾ മാറ്റി സ്ഥാപിക്കുവാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |
| | | 4. എല്ലാ ജില്ലാ ട്രഷറികൾക്കും വാഹനം ലഭ്യമാക്കിയിട്ടുണ്ട്. |
| സി | എല്ലാ ട്രഷറികളിലും ടെല്ലർ സംവിധാനം ഏർപ്പെടുത്തുമോ? | എല്ലാ ട്രഷറികളിലും ജൂൺ 30-ാം തീയ്യതിയോടു കൂടി ടെല്ലർ സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. |

bmdn

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 369 — 10.07.2008-ൽ മറുപടിയ്ക്ക്

കൃഷിയുടെ വ്യാപനത്തിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോർജ് എം.തോമസ്<br>ശ്രീ.പി.കൃഷ്ണപ്രസാദ്<br>ശ്രീ.സി.കെ.പി.പത്മനാഭൻ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.പി.വിശ്വൻ | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) കൃഷി പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി തരിശു നിലങ്ങളിൽ കൃഷി ചെയ്യുന്നതിനും, പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനുമായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പു മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു) പതിനൊന്നാം പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നായ കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിന്റെ ഭാഗമായി തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിനും പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിനും സ്ഥലാധിഷ്ഠിത സമീപനത്തോടെ ജനകീയാസൂത്രണം, ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി എന്നിവ സമന്വയിപ്പിച്ച് വിവിധ പ്രവർത്തനങ്ങൾ ത്രിതല പഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പാക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. |
| (ബി) ഓരോ പഞ്ചായത്തും കുറഞ്ഞത് എത്ര ഏക്കർ തരിശുഭൂമി കൃഷി യോഗ്യമാക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്; | (ബി) കൃഷിയോഗ്യമാക്കാൻ കഴിയുന്ന എല്ലാ തരിശു നിലങ്ങളും നെൽപ്പാടങ്ങളാക്കി മാറ്റുകയെന്നതാണ് ലക്ഷ്യം. ആദ്യ ഘട്ടമെന്ന നിലയിൽ 2008-09 പദ്ധതിയിൽ ഓ: |

| | | |
|---|---|---|
| | | പഞ്ചായത്തിൽ ശരാശരി 10 ഏക്കർ ഭൂമിയെങ്കിലും കൃഷിയോഗ്യമാക്കി ഉത്പാദനം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. |
| (സി) | പദ്ധതി നടത്തിപ്പിൽ ജില്ലാ ആസൂത്രണ സമിതിയുടെ പങ്ക് വ്യക്തമാക്കുമോ? | (സി) ജില്ലാ ആസൂത്രണ സമിതികൾ ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുകയും കൃഷിയും നീർത്തട പരിപാലനവും എന്ന മേഖലയ്ക്കു വേണ്ടി രൂപീകരിച്ചിട്ടുള്ള മേഖലാ റിസോഴ്സ് ഗ്രൂപ്പിന്റെ സാങ്കേതിക സഹായം ത്രിതല പഞ്ചായത്തുകൾക്ക് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ ഗ്രാമപഞ്ചായത്ത് തലത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾക്ക് ഗവേഷണ വികസന സ്ഥാപനങ്ങളുടെ സഹായം ജില്ലാ ആസൂത്രണ സമിതി ഉറപ്പാക്കണം.. |

സെക്ഷൻ ഓഫീസർ

(അനുബന്ധം നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്)

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം 370 10-7-2008-ൽ മറുപടിക്ക്

**'മാലിന്യമുക്ത കേരളം' പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.കെ.സുധാകരൻ<br>ശ്രീ.എം.എ.വാഹീദ് | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) മാലിന്യമുക്ത കേരളം പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്ത്; ഈ പദ്ധതിയ്ക്കുവേണ്ടി ഇതു വരെ എത്ര തുക ചെലവഴിച്ചു; | (എ) 2006 ഒക്ടോബർ 2-ന് ആരംഭിച്ച മാലിന്യ മുക്ത കേരളം പദ്ധതിയുടെ തുടർച്ചയായി സംസ്ഥാന വ്യാപകമായി മാലിന്യ സംസ്കരണത്തിനും പരിസര ശുചീകരണത്തിനുമായി വിപുലമായ ജനപങ്കാളിത്തത്തോടെയുള്ള പ്രവർത്തന രൂപരേഖ 2007 നവംബർ 1-ന് ആരാധ്യയായ ഇന്ത്യൻ പ്രസിഡന്റ് പ്രകാശനം ചെയ്തു. ഈ രൂപരേഖയുടെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിക്കുന്നതിനു പുറമെ, സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടിയുടെ (TSC) ഘടകങ്ങൾക്കായി 2124.61 ലക്ഷം രൂപയും ഖരമാലിന്യ സംസ്കരണ പ്രോജക്ടുകൾക്കായി 796.96 ലക്ഷം രൂപയും ധന സഹായമായി ചെലവഴിച്ചു. |
| (ബി) എന്തെല്ലാം കാര്യങ്ങൾക്കാണ് ഈ തുക ചെലവഴിച്ചത്; | (ബി) രണ്ടുവർഷത്തിനുള്ളിൽ മൂന്നുലക്ഷത്തി നാല്പത്തി ഒന്നായിരത്തി നാല്പത്തി ഒന്ന് വ്യക്തിഗത ടോയ്‌ലറ്റുകൾ, 879 സ്കൂൾ ടോയ്‌ലറ്റുകൾ, 1596 അംഗൻവാടി ടോയ്‌ലറ്റുകൾ, 89 സാനിട്ടറി കോംപ്ലക്സുകൾ എന്നിവ |

നിർമ്മിക്കുന്നതിനും ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾക്കും, ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും വേണ്ടിയാണ് ഈ തുക ചെലവാക്കിയിട്ടുള്ളത്.

(സി) മാലിന്യങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം ഏർപ്പാടുകൾ ഉണ്ടാക്കി;

(സി) മാലിന്യങ്ങൾ ഒഴിവാക്കുന്നതിന് താഴെ പറയുന്ന ഏർപ്പാടുകൾ ഉണ്ടാക്കി:

1) 4 കോർപ്പറേഷനുകളിലും 17 മുനിസിപ്പാലിറ്റികളിലും ഖരമാലിന്യ പരിപാലനത്തിനുള്ള സംസ്കരണ പ്ലാന്റുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി. ഒരു കോർപ്പറേഷനിലും 13 മുനിസിപ്പാലിറ്റികളിലും ഖരമാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കി വരുന്നു. 19 മുനിസിപ്പാലിറ്റികളിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള ഫണ്ട് വിവിധ സ്രോതസ്സുകളിൽ നിന്നായി സ്വരൂപിച്ചിട്ടുണ്ട്.

2) ഖരമാലിന്യം സ്രോതസ്സിൽ നിന്ന് ശേഖരിച്ച് സംസ്കരണ ശാലയിലേയ്ക്ക് കൊണ്ടുപോകുന്ന വാഹനങ്ങളിൽ എത്തിക്കുന്നതിന് കുടുംബശ്രീ സ്വയംസഹായ സംഘങ്ങൾക്ക് പരിശീലനം നൽകി. സ്രോതസ്സിൽ തന്നെ മാലിന്യം കുറയ്ക്കുന്നതിന് ഗാർഹിക മാലിന്യ സംസ്കരണ രീതി പ്രചരിപ്പിച്ചുവരുന്നു.

3) 30 മൈക്രോൺ വരെ കനമുള്ള പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിക്കുന്നത് കർശനമായി നിരോധിക്കുകയും നിരോധനം നടപ്പിലാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

4) സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടി

യുടെ ഭാഗമായി വ്യക്തിഗത ടോയ്‌ലറ്റുകൾ, സ്കൂൾ ടോയ്‌ലറ്റുകൾ, അംഗൻവാടി ടോയ്‌ലറ്റുകൾ, സാനിട്ടറി കോംപ്ലക്സുകൾ ഇവ നിർമ്മിക്കുന്നതിന് നടപടി എടുത്തു.

5) 63 ഗ്രാമപഞ്ചായത്തുകളിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് ഭാഗികമായി ധന സഹായം നൽകി. ഗ്രാമപഞ്ചായത്തുകൾ മാലിന്യ സംസ്കരണ സംവിധാനം വ്യാപകമാക്കുന്നതിന് പരിശീലന ശില്പശാലകളും പ്രൊജക്ട് ക്ലിനിക്കുകളും സംഘടിപ്പിച്ച് ഊർജിതമാക്കി. പൊതുസ്ഥലങ്ങൾ, പൊതു സ്ഥാപനങ്ങൾ, ചന്തകൾ തുടങ്ങിയവ കാലാകാലങ്ങളിൽ ശുചീകരിക്കുന്നതിന് പ്രേരണ നൽകികൊണ്ട് 5 തീവ്ര ശുചീകരണ പരിപാടികൾ നടപ്പിലാക്കി.

6) കലാജാഥകൾ ഉൾപ്പെടെയുള്ള ബോധവൽക്കരണ പരിപാടി നടപ്പിലാക്കി.

(ഡി) കേരളം മാലിന്യമുക്തമായോ എന്നു വ്യക്തമാക്കുമോ?

(ഡി) മാലിന്യമുക്ത കേരളമെന്നത് ഒരു തുടർ പ്രക്രിയയാണ്. ഇപ്പോൾ പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ 11-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ തന്നെ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. അതിനുള്ള കർമ്മപരിപാടികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ .371 10.7.2008-ൽ മറുപടിക്ക്

സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കൃഷ്ണപ്രസാദ്<br>ശ്രീ.സി.കെ.പി.പത്മനാഭൻ<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി<br>ശ്രീമതി കെ.കെ.ലതിക<br>ശ്രീ.കെ.ടി ജലീൽ | ഡോ.റ്റി.എം.തോമസ് ഐസക്ക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ)സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡീസിനെ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ളിക് ഫിനാൻസ് ആന്റ് ടാക്സേഷൻ (ഗിഫ്റ്റ്) ആയി പുന:സംഘടിപ്പിക്കുന്ന നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ ; | (എ) 2007-08 ബഡ്ജറ്റ് പ്രസംഗത്തിൽ (Para 138) പ്രഖ്യാപിച്ചതനുസരിച്ച് സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡീസിനെ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ളിക്ക് ഫിനാൻസ് ആൻറ് ടാക്സേഷൻ (ഗിഫ്റ്റ്) ആയി പുന:സംഘടിപ്പിക്കുന്നത് സംബന്ധിച്ച് 04.02.2007-ൽ കൂടിയ സി.റ്റി.എസ്സ് -ന്റെ ഭരണസമിതി പുന:സംഘടനയ്ക്ക് ആവശ്യമായ താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു.<br><br>(a) കേന്ദ്രസർക്കാരുമായി ഏർപ്പെടാനുള്ള ധാരണാപത്രം (MoU) അംഗീകരിച്ചു.<br><br>(b) പുന:സംഘടനയ്ക്ക് ആവശ്യമായ ഫണ്ട് കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാക്കുവാൻ തീരുമാനിച്ചു. |

| | |
|---|---|
| | (c) പുനഃസംഘടനയ്ക്ക് ആവശ്യമായ ഭേദഗതികൾ നിലവിലുള്ള നിയമാവലിയിലും ഭരണഘടനയിലും കൂട്ടിച്ചേർക്കുവാൻ തീരുമാനിച്ചു.<br><br>(d) കേന്ദ്രസർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് പുനഃസംഘടനയുടെ സമയബന്ധിതമായ നടത്തിപ്പിനുവേണ്ടി പ്രോജക്ട് മോണിട്ടറിംഗ് കമ്മിറ്റികൾ ഉണ്ടാക്കി.<br><br>(e) ഗിഫ്റ്റ് എന്ന സ്ഥാപനത്തിന്റെ ആദ്യഭരണസമിതിയുടെ പ്രാതിനിധ്യഘടന തീരുമാനിച്ചു.<br><br>(f) പുതിയ സ്ഥാപനത്തിന്റെ കെട്ടിടനിർമ്മാണം സംബന്ധിച്ച് പ്ലാൻ, എസ്റ്റിമേറ്റ്, ഡ്രോയിംഗ് മുതലായവ തയ്യാറാക്കുവാൻ കിറ്റ്കോ (KITCO) എന്ന പൊതുമേഖലാ സ്ഥാപനത്തെ കൺസൾട്ടന്റ് (Technical Consultant) ആയി നിയമിച്ചു.<br><br>(ii) കേന്ദ്ര സർക്കാരിന്റെ ധനസഹായത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി അയയ്ക്കുകയും ആവശ്യപ്പെട്ട തുകയായ 25 കോടിയിൽ 23.64 കോടി രൂപയുടെ ഭരണാനുമതി തത്വത്തിൽ അംഗീകരിച്ചതായി കേന്ദ്രസർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് റവന്യൂ (DoR) അറിയിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) എവിടെയാണ് സ്ഥാപനം ആരംഭിക്കുന്നത് ; ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിൽ ഏതെല്ലാം കോഴ്സുകളും പരിശീലന പരിപാടികളുമാണ് നടത്താൻ ഉദ്ദേശിക്കുന്നത്; | (ബി) ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റിൽനിന്നും ടാക്സസ്സ് ഡിപ്പാർട്ട്മെന്റിന് കൈമാറുന്ന ശ്രീകാര്യത്തുള്ള 4 ഏക്കർ 20 സെന്റ് സ്ഥലത്താണ് ഗിഫ്റ്റ് എന്ന സ്ഥാപനം ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുന്നത്. പ്രധാനമായും താഴെപറയുന്ന മൂന്നു മേഖലയിൽ ആയിരിക്കും സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നത്.<br>(1) ഗവേഷണവും പഠനവും (Research & Studies)<br>(2) നയപഠനങ്ങളും കൺസൾട്ടൻസിയും (Policy Studies & Consultancy)<br>(3) ട്രെയിനിംഗ്, കോഴ്സസ്സ്, പ്രസിദ്ധീകരണം (Training, Courses & Publications)<br>കോഴ്സുകളുടെയും പരിശീലന പരിപാടിയുടെയും വിശദാംശങ്ങൾ പിന്നീട് തീരുമാനിക്കുന്നതാണ്. |
| (സി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് അറിയിക്കുമോ? | (സി) നടപ്പു വർഷത്തിൽ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ: 372 10.7.2008-ലെ മറുപടിക്ക്

വാഹനം രജിസ്റ്റർ ചെയ്യാൻ ഡീലർമാർ അമിതചാർജ് ഈടാക്കുന്നതായ പരാതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ.എം. ചന്ദ്രൻ<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ.കെ കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ .മാത്യു .ടി. തോമസ്<br>ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി |
| (എ) പുതുതായി വാഹനം രജിസ്റ്റർ ചെയ്യുന്നതിന് വാഹനഡീലർമാർ ഉപഭോക്താക്കളിൽ നിന്നും അമിതചാർജ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) അപ്രകാരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതു തടയുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | (ബി) പുതുതായി വാഹനം രജിസ്റ്റർ ചെയ്യുന്നതിന് വാഹനഡീലർമാർ ഉപഭോക്താക്കളിൽ നിന്നും അമിത ചാർജ് ഈടാക്കുന്നതായുള്ള പരാതികൾ വകുപ്പിന് ലഭിച്ചതിനെ തുടർന്ന് അമിത ചാർജ് വാങ്ങുന്ന വാഹന ഡീലർമാർക്കെതിരെ കർശന നടപടികൾ എടുക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ നിന്നും<br><br>3.6.08 ലെ സി1/8464/റ്റിസി/08 നംപർ കത്ത് പ്രകാരം എല്ലാ റീജീയണൽ ട്രാൻസ്പോർട്ട് |

ഓഫീസർമാർക്കും ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

വാഹനങ്ങളുടെ രജിസ്ട്രേഷന് സർക്കാർ അംഗീകരിച്ച തുക ഡീലർമാർ അവരുടെ ഓഫീസിൽ പ്രദർശിപ്പിച്ചിരിക്കണമെന്നും, വാഹനങ്ങൾ വാങ്ങുന്നവർ നിയമാനുസരണമുള്ള ഫീസ് മാത്രമേ നൽകാവൂ എന്നും അമിത ചാർജു വാങ്ങുന്ന ഡീലർമാരുടെ ട്രേഡ് സർട്ടിഫിക്കറ്റുകൾ റദ്ദാക്കുന്നതാണെന്നും ഇത്തരത്തിൽ അമിതചാർജ് വാങ്ങുന്ന ഡീലർമാരെ സംബന്ധിച്ചുള്ള പരാതികൾ ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ അറിയിച്ചാൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും പൊതുജനങ്ങളെയും ഡീലർമാരെയും പത്രക്കുറിപ്പ് വഴി അറിയിച്ചിട്ടുണ്ട്.

(സി) വിവിധ തരം വാഹനങ്ങളുടെ ഫീസ നിരക്ക്, സർവ്വീസ് ചാർജ് എന്നിവ വ്യക്തമാക്കുമോ;

| വാഹനത്തിന്റെ തരം | ഫീസ് നിരക്ക് (രൂപയിൽ) | സർവ്വീസ് ചാർജ് (രൂപയിൽ) |
|---|---|---|
| 1.താത്കാലിക രജിസ്ട്രേഷന് | | |
| എല്ലാ വാഹനങ്ങൾക്കും | 50.00 | 50.00 |
| 2. സ്ഥിരം രജിസ്ട്രേഷന് | | |
| (i) ഇരുചക്രവാഹനങ്ങൾ | 60.00 | 50.00 |

| | | |
|---|---|---|
| ( ii) മൂന്നു ചക്രവാഹനങ്ങൾ (ആട്ടോറിക്ഷാ വിഭാഗം) | 300.00 | 150.00 |
| (iii) ചെറിയ നാലുചക്ര വാഹനങ്ങൾ (മോട്ടോർ കാർ വിഭാഗം) | 200.00 | 200.00 |
| (iv) ചെറിയ കൊമേഴ്സ്യൽ വാഹനങ്ങൾ (ജി വി ഡബ്ല്യൂ 7500 കിഗ്രാം വരെ | 300.00 | 150.00 |
| (v) മീഡിയം വാഹനങ്ങൾ (ജി വി ഡബ്ല്യൂ 7500 മുകളിൽ 12000 കിഗ്രാം വരെ | 400.00 | 200.00 |
| (vi) ഹെവി വാഹനങ്ങൾ ((ജി വി ഡബ്ല്യൂ 12000 കിഗ്രാമിനു മുകളിൽ | 600.00 | 300.00 |
| (vii) ഇറക്കുമതി ചെയ്ത മോട്ടോർ സൈക്കിൾ | 200.00 | 50.00 |
| (viii ) ഇറക്കുമതി ചെയ്ത മറ്റു വാഹനങ്ങൾ | 800.00 | 160.00 |

(ഡി) അമിത ചാർജ് ഈടാക്കുന്ന ഡീലർമാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

ഡി) അമിത ചാർജ് വാങ്ങുന്ന വാഹന ഡീലർമാർക്കെതിരെ പരാതി ലഭിച്ചാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.373

10-07-2008-ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. സി. ജോർജ് | ഡോ. ടി.എം.തോമസ് ഐസക് ധനകാര്യമന്ത്രി |

**ബഡ്ജറ്റിൽ അനുവദിച്ച തുക നൽകുന്നതിൽ ധനകാര്യ വകുപ്പ് തടസ്സം നിൽക്കുന്നതായ ആക്ഷേപം**

| | ചോദ്യം | ഉത്തരം |
| --- | --- | --- |
| (എ) | സംസ്ഥാന ബജറ്റിൽ ഓരോ വകുപ്പിനുമുള്ള തുക നിയമസഭ അംഗീകരിച്ചു കഴിഞ്ഞാൽ പ്രസ്തുത തുക അനുവദിക്കുന്നതിന് ധനകാര്യ വകുപ്പ് തടസ്സം നിൽക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിന്റെ യഥാർത്ഥ വസ്തുതകൾ എന്തെല്ലാമാണ്; | ഡെലിഗേഷൻ ഓഫ് ഫിനാൻഷ്യൽ പവർ അനുസരിച്ച് അധികാരപ്പെടുത്തിയിട്ടുള്ള തുക ചെലവാക്കുന്നതിന് ഭരണവകുപ്പും വകുപ്പ് തലവന്മാരും ധനവകുപ്പിന്റെ അനുമതി തേടേണ്ടതില്ല. എന്നാൽ അധികാരപ്പെടുത്തിയ തുകകൾക്ക് ഉപരിയായി വരുന്ന ചെലവുകൾക്ക് ധനവകുപ്പിന്റെ അനുമതി ആവശ്യമാണ്. ധനവിനിയോഗവുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങൾ ധനവകുപ്പ് പരിശോധിക്കേണ്ടതുണ്ട്. ധനവകുപ്പിന്റെയും പ്ളാനിംഗ് വകുപ്പിന്റെയും പ്രതിനിധികൾ ഉൾക്കൊള്ളുന്ന വർക്കിംഗ് ഗ്രൂപ്പിന് ഒരു കോടി രൂപ വരെയുള്ള പദ്ധതികളുടെ നടത്തിപ്പിന് അംഗീകാരം നൽകാം. അപ്രകാരമുള്ള ചെലവുകൾക്ക് ധനവകുപ്പിന്റെ അംഗീകാരം തേടേണ്ട ആവശ്യമില്ല. തുടർ പദ്ധതികളുടെ കാര്യത്തിൽ നേരത്തെ അംഗീകരിക്കപ്പെട്ടിട്ടുള്ള നടപടിക്രമങ്ങളിൽ വ്യതിയാനമില്ലെങ്കിൽ തുക അനുവദിക്കുന്നതിന് ഭരണവകുപ്പ് ധനവകുപ്പിന്റെ അനുമതി തേടേണ്ട കാര്യമില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതിവിഹിതം പത്ത് തുല്യ തവണകളായി മുടക്കം കൂടാതെ അനുവദിച്ചു നൽകുന്നുണ്ട്. കഴിഞ്ഞ രണ്ട് വർഷങ്ങളായി പദ്ധതി നിർവഹണ ചെലവുകളെ ട്രഷറി നിയന്ത്രണങ്ങളിൽ നിന്ന് പൂർണമായി ഒഴിവാക്കിയിട്ടുമുണ്ട്. |

| | | |
|---|---|---|
| സി) | ബിസിനസ് റൂളിൽ ഇതു സംബന്ധമായി എന്തെങ്കിലും നിബന്ധനകൾ ഉണ്ടോ; | ഉണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | റൂൾസ് ഓഫ് ബിസിനസിലെ റൂൾ 10(1)-ൽ സംസ്ഥാന ധനസ്ഥിതിയെ ബാധിക്കുന്ന തീരുമാനങ്ങൾ ഭരണവകുപ്പ് കൈക്കൊള്ളുന്നതിനു മുൻപ് ധനവകുപ്പിന്റെ അനുമതി തേടണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കാര്യക്ഷമമായ ധനകാര്യ നടത്തിപ്പിനുള്ള നടപടി ക്രമങ്ങൾ രൂപീകരിക്കേണ്ട ചുമതല റൂൾ 37(2) പ്രകാരം ധനകാര്യ വകുപ്പിൽ നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

**പന്ത്രണ്ടാം നിയമസഭ**

എട്ടാം സമ്മേളനം
നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 374
10.07.2008 ൽ മറുപടിയ്ക്ക്

**<u>പൊതുജനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.കുഞ്ഞിരാമൻ<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>ശ്രീ.എം.എം.മോനായി<br>ശ്രീ.എ.സി.മൊയ്തീൻ<br>ശ്രീ.കെ.കെ.ദിവാകരൻ | ബഹു. ധനകാര്യ വകുപ്പുമന്ത്രി |

| ചോദ്യം | ഉത്തരം |
|---|---|
| എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് പൊതുജനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന ഏതെങ്കിലും സ്കീമുകൾ തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | കേരളാ ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യ തൊഴിലാളികൾക്ക് വേണ്ടി ഒരു അപകട ഇൻഷ്വറൻസ് പദ്ധതി ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി കോ-ഇൻഷ്വറൻസ് വ്യവസ്ഥയിൽ നടത്തുന്നുണ്ട്. സമാന സ്വഭാവമുള്ള മറ്റു ക്ഷേമബോർഡുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് നിയമപരമായി തടസ്സമില്ല. വകുപ്പിന്റെ വികസന സാധ്യതകളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് വേണ്ടി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് എന്ന സ്ഥാപനത്തെ സർക്കാർ നിയമിച്ചിട്ടുണ്ട്. അവരുടെ പഠന റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ പൊതുജനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനുള്ള പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കാൻ പറ്റുമോയെന്ന് പരിശോധിക്കുന്നതാണ് |

| | |
|---|---|
| ഇൻഷ്വറൻസ് വകുപ്പിന് നൽകുന്നതിനായി ഉത്തരവ് ഇറക്കിയിട്ടുണ്ടോ; | 12.07.1999 ൽ 45/99/ധന നമ്പരിൽ ഒരു സർക്കുലർ [illegible] പുറപ്പെടുവിച്ചിട്ടുണ്ട് ഇതു കൂടാതെ [illegible] വകുപ്പ് വഴി മാത്രം ഇൻഷ്വർ ചെയ്യണമെന്ന് നിഷ്കർഷിച്ചുകൊണ്ട് 18.04.2000 ൽ 819/2000/ ധന നമ്പറിൽ മറ്റൊരു സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട് |
| (സി) പല പൊതുമേഖലാ സ്ഥാപനങ്ങളും ഇതു പാലിക്കാതെ സ്വകാര്യ കമ്പനികൾ മുഖേന ഇത് നടപ്പാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | ചില പൊതുമേഖലാസ്ഥാപനങ്ങൾ മറ്റു ഇൻഷ്വറൻസ് കമ്പനികൾ മുഖേന ഇൻഷ്വറൻസ് എടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 375 ... 10-07-2008 ൽ മറുപടിയ്ക്ക്.

## "പഞ്ചായത്തിൽ നിന്നും പഞ്ചായത്തിലേക്ക്" എന്ന പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ<br>ശ്രീ. വി.ജെ. തങ്കപ്പൻ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. ടി.പി. കുഞ്ഞുണ്ണി<br>ശ്രീ. എം.കെ. പുരുഷോത്തമൻ | ശ്രീ. പാലൊളി മുഹമ്മദ്കുട്ടി.<br>(തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) പഞ്ചായത്തുകളുടെ വികസനം ലക്ഷ്യമാക്കി നടപ്പാക്കുന്ന "പഞ്ചായത്തിൽ നിന്നും പഞ്ചായത്തിലേക്ക്" എന്ന പരിപാടിയുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) പഞ്ചായത്തീരാജ് അനുഭവങ്ങളും പാഠങ്ങളും പരസ്പരം കൈമാറി കൂടുതൽ ശക്തമായ ഇൻഡ്യൻ പഞ്ചായത്തീരാജ് സംവിധാനത്തിന് വഴിതെളിക്കുക, പഞ്ചായത്തീരാജ് സംവിധാനത്തിൽ പരസ്പരസഹകരണത്തിനും അറിവുകൾ കൈമാറുന്നതിനും ഒരു നൂതന ശൃംഖല വികസിപ്പിച്ചെടുക്കുക എന്നീ ഉദ്ദേശ ലക്ഷ്യങ്ങളോടെയാണ് 'പഞ്ചായത്തീരാജ് പരസ്പര സഹകരണ പഠന പരിപാടി' ആരംഭിച്ചിരിക്കുന്നത്. എസ്.ഡി.സി. സഹായത്തോടെയുള്ള ക്യാപ്ഡെക് പരിപാടിയാണ് ഇതിനു നേതൃത്വം നൽകുന്നത്. |
| (ബി) ഏതെല്ലാം സംസ്ഥാനങ്ങളാണ് പദ്ധതിയിൽ പങ്കെടുക്കുന്നത്; | (ബി) തമിഴ്നാട്, കർണ്ണാടക, മദ്ധ്യപ്രദേശ്, സിക്കിം, പശ്ചിമബംഗാൾ, കേരളം എന്നീ സംസ്ഥാനങ്ങൾ |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട പഠനത്തിന് 'കില'യിൽ പരിശീലനം നൽകുമോ; | (സി) | ഈ പരിപാടി വ്യാപിപ്പിക്കുന്നതിൽ കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയത്തിന്റെ സഹായം ലഭിക്കുകയാണെങ്കിൽ ഇതു സംബന്ധിച്ച പരിശീലനം കില നൽകുന്നതാണ്. |
| (ഡി) | സംസ്ഥാനത്തെ ഏതെല്ലാം പഞ്ചായത്തുകളിലെ വികസനപ്രവർത്തനങ്ങൾ പഠിക്കുന്നതിനാണ് ഇതര സംസ്ഥാനങ്ങളിലെ പഞ്ചായത്തു പ്രതിനിധികൾക്ക് അവസരം നൽകുന്നതെന്ന് അറിയിക്കുമോ? | (ഡി) | തിരുവനന്തപുരം ജില്ലയിലെ മംഗലപുരം, ശ്രീകാര്യം, കരകുളം, കോട്ടയം ജില്ലയിലെ ആർപ്പൂക്കര, ഇടുക്കി ജില്ലയിലെ കുമിളി, തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി, പാലക്കാട് ജില്ലയിലെ എരുത്തേമ്പതി, വയനാട് ജില്ലയിലെ കണിയാമ്പറ്റ, മുള്ളൻകൊല്ലി, കാസറഗോഡ് ജില്ലയിലെ അജാനൂർ എന്നീ ഗ്രാമപഞ്ചായത്തുകളാണ് മുഖ്യ പങ്കാളികൾ. എന്നാൽ, സമീപ പ്രദേശങ്ങളിലെ മറ്റു പഞ്ചായത്തുകൾ, പഞ്ചായത്തിരാജുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിലെല്ലാം സന്ദർശനമുണ്ടാകും. |

D. Srilaja Kumari Amma

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

## പന്ത്രണ്ടാം നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 376

10.07.2008 ൽ മറുപടിയ്ക്ക്

## ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.ബാബു.എം.പാലിശ്ശേരി<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു<br>ശ്രീ.എ.എം.ആരിഫ് | ബഹു. ധനകാര്യ വകുപ്പുമന്ത്രി |

| ചോദ്യം | ഉത്തരം |
|---|---|
| എ) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന ഓഡിറ്റർമാർക്കു നൽകി വരുന്ന പരിശീലന പരിപാടി പുന:ക്രമീകരിച്ചു. ഓഡിറ്റുമായി ബന്ധപ്പെട്ടതും കാലികവുമായ വിവിധ വിഷയങ്ങൾ ഉൾപ്പെടുത്തി പരിശീലന പദ്ധതി നവീകരിച്ചു. സർവീസിലുള്ള സീനിയർ ഓഡിറ്റർമാർക്കും ഓഡിറ്റ് ഓഫീസർമാർക്കും കിലയുമായി സഹകരിച്ച് 2006 ൽ ത്രിദിന പരിശീലന പരിപാടി നടത്തിയിരുന്നു. കമ്പ്യൂട്ടർ പരിജ്ഞാനമുൾപ്പെടെയുള്ള വിഷയങ്ങൾ ഉൾപ്പെടുത്തി കിലയുമായി സഹകരിച്ച് 2008 ജൂലൈ മൂന്നാം വാരം തന്നെ ആറ് ദിവസത്തെ പരിശീലന പരിപാടി നടപ്പാക്കുന്നതാണ്.<br>ഐ.എം.ജി യുമായി ബന്ധപ്പെട്ട് ഡബിൾ എൻട്രി അക്കൗണ്ടിംഗിന്റെ ഓഡിറ്റ് ഉൾപ്പെടെയുള്ള കാലിക വിഷയങ്ങൾ ഉൾപ്പെടുത്തി മറ്റൊരു പരിശീലന പരിപാടി സംഘടിപ്പിക്കുന്നുണ്ട്. ആയതിന്റെ സംഘാടനം സംബന്ധിച്ച് ശിൽപശാലകൾ നടന്നുവരുന്നു. നഗരപാലികാ സ്ഥാപനങ്ങളിൽ പുതുതായി നടപ്പിലാക്കുന്ന അക്രൂവൽ അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ വകുപ്പിലെ 70 ജീവനക്കാർക്ക് കെ.എസ്. യു.ഡി.പി മുഖേന പരിശീലനം നൽകിയിട്ടുണ്ട്. |

| | |
|---|---|
| ബി) ഏതു വർഷം വരെയുള്ള സമാഹൃത റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | 2005–2006 സാമ്പത്തിക വർഷം വരെയുള്ള സമാഹൃത റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| സി) ഓഡിറ്റ് കുടിശ്ശിക തീർക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | ഓഡിറ്റ് ജീവനക്കാരുടെ എണ്ണം കുറവും ഓഡിറ്റ് ചെയ്യേണ്ട സ്ഥാപനങ്ങളുടെ എണ്ണം വളരെ കൂടുതലുമാണ്. എങ്കിലും<br>1. ഓഡിറ്റ് കുടിശ്ശിക അടിയന്തിരമായി തീർപ്പാക്കുന്നിന് സബ് ഓഫീസുകളിൽ നിന്നും ഓഡിറ്റ് ജീവനക്കാരെ താൽക്കാലികമായിസ്ഥാനത്തിൽ പുനർവിന്യസിച്ചു. നഗരപാലികാ സ്ഥാപനങ്ങളുടെ കുടിശിക തീർപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>2. ഓഡിറ്റ് പുരോഗതി വിലയിരുത്തുന്നതിനും ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുമായി 4 മാസത്തിലൊരിക്കൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മേഖലകളിൽ ഓഫീസ് തലവൻമാരുടെ മേഖലാ യോഗങ്ങൾ നടത്തിവരുന്നു. ഈ യോഗങ്ങളിൽ കുടിശിക തീർപ്പാക്കി പുരോഗതി കൈവരിക്കുന്നതിന് വിവരശേഖരണം നടത്തി ഓരോ ജില്ലയിലുമുള്ള സ്ഥാപനങ്ങളുടെ ഓഡിറ്റ് പുരോഗതി വിലയിരുത്തപ്പെടുകയും ഓഡിറ്റ് കുടിശിക തീർപ്പാക്കാൻ കർശന നിർദ്ദേശം വകുപ്പുതലവനാൽ നൽകപ്പെടുകയും ചെയ്യുന്നു.<br>3. വാർഷിക കണക്കുകൾ ലഭ്യമാക്കാത്ത സ്ഥാപനങ്ങൾക്ക് അടിയന്തിരമായി വാർഷിക കണക്കുകൾ ലഭ്യമാക്കുന്നതിന് നോട്ടീസ് നൽകുന്നുണ്ട്. വാർഷിക കണക്കുകൾ ലഭ്യമാകാത്ത സ്ഥാപനത്തിൽ ചെന്ന് ഓഡിറ്റ് നടത്തിവരുന്നു.<br>4. 10 വർഷം വരെ കുടിശ്ശികയുള്ള ഓഡിറ്റ് |

| | |
|---|---|
| | ഒറ്റത്തവണയായി എടുത്ത് റിപ്പോർട്ട് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. |
| ഡി) ജീവനക്കാർക്ക് ഓഡിറ്റിംഗിൽ പരിശീലനം നൽകുന്നതിനുള്ള സംവിധാനം തൃപ്തികരമാണോ; | പുതുതായി സർവീസിൽ പ്രവേശിച്ച ഓഡിറ്റർമാർക്ക് ഐ.റ്റി. മേഖല ഒഴിച്ച്, അടിസ്ഥാന തലത്തിൽ വിവിധ ഓഡിറ്റ് വിഷയങ്ങളിൽ മികച്ച പരിശീലനം നൽകുന്നു. 3 മാസം ദൈർഘ്യമുള്ള വകുപ്പ് തല പരിശീലനം നിലവിലുണ്ടെങ്കിലും ഓഡിറ്റ് കാര്യക്ഷമത, പ്രൊഫഷണൽ സമീപനം എന്നിവ വളർത്തുന്നതിനുള്ള തുടർ പരിശീലന സംവിധാനം നിലവിലില്ല. ഇതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്. |
| ഇ) ഓഡിറ്റ് ഫീസ് ഇനത്തിൽ വകുപ്പിന് ഈ വർഷം എന്തു തുക പ്രതീക്ഷിക്കുന്നു; | സർക്കാർ ഗ്രാന്റിൽ നിന്നും 2007-08 വർഷത്തെ ഓഡിറ്റ് ചാർജ്ജിനത്തിൽ തട്ടിക്കിഴിക്കുന്നതിന് തീരുമാനിച്ചിട്ടുള്ള 10.06 കോടി രൂപയും സ്ഥാപനങ്ങൾ തൻവർഷം അടയ്ക്കും എന്ന് പ്രതീക്ഷിക്കുന്ന ഏകദേശം നാല് കോടി രൂപയും ചേർത്ത് ഏകദേശം 14.06 കോടിയോളം രൂപ തൻവർഷം (2008–09) ഓഡിറ്റ് ചാർജ്ജ് ഇനത്തിൽ വരവ് പ്രതീക്ഷിക്കുന്നു. |
| എഫ്) ഓഡിറ്റ് ഫീസ് ഇനത്തിൽ എത്ര രൂപ കിട്ടാനുണ്ട്; അത് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | 31.03.2008 ൽ 78.76 കോടി രൂപ ലഭിക്കാനുണ്ട്. 2007–08 വർഷത്തെ ആഡിറ്റ് ചാർജ്ജ് ഇനത്തിൽ ലഭിക്കാനുള്ള തുക പൂർണ്ണമായും അടുത്ത ഗ്രാന്റിൽ നിന്നും തട്ടിക്കിഴിക്കുന്നതിനും 2006-07 വരെയുള്ള വർഷങ്ങളിലെ കുടിശ്ശികയായിട്ടുള്ള ആഡിറ്റ് ചാർജ്ജ് ഓരോ സ്ഥാപനത്തിനും നൽകുന്ന പൊതു ആവശ്യ ഗ്രാന്റിൽ നിന്നും ഗ്രാന്റിന്റെ 10% ൽ അധികരിക്കാത്ത വിധം 4 തുല്യ തവണകളായി തട്ടിക്കിഴിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.377 — 10-7-2008-ൽ മറുപടിക്ക്

## <u>നിർമ്മൽ ദേശീയ പുരസ്കാരം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.വേണുഗോപാൽ<br>ശ്രീ.എം.മുരളി<br>ശ്രീ.പി.സി.വിഷ്ണുനാഥ് | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മികവിന് നൽകുന്ന നിർമ്മൽ ദേശീയ പുരസ്കാരം സംസ്ഥാനത്തെ എത്ര പഞ്ചായത്തുകൾക്ക് കിട്ടിയിട്ടുണ്ട്; | (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വപരിപാലനത്തിലെ മികവിന് നൽകുന്ന നിർമ്മൽ ദേശീയ പുരസ്കാരം സംസ്ഥാനത്തെ 226 ഗ്രാമപഞ്ചായത്തുകൾക്കും 6 ബ്ലോക്ക് പഞ്ചായത്തുകൾക്കും കിട്ടിയിട്ടുണ്ട് |
| (ബി) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകൾക്കും ഈ പുരസ്കാരം നേടാൻ കഴിയുംവിധം ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനായി പൊതുവായൊരു പദ്ധതിയ്ക്ക് രൂപം നൽകുമോ; | (ബി) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകൾക്കും ഈ പുരസ്കാരം നേടാൻ കഴിയുംവിധം ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായിട്ടാണ് സമ്പൂർണ്ണ ശുചിത്വയജ്ഞം പരിപാടിയുടെ പ്രവർത്തനത്തെ സഹായിക്കുന്ന മാലിന്യ മുക്ത കേരളം പരിപാടിക്ക് രൂപം നൽകിയിട്ടുള്ളത്. |
| (സി) ഇതിനായി പ്രത്യേക ഫണ്ടു രൂപീകരിക്കാനും ഈ പദ്ധതിയുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ? | (സി) മാലിന്യമുക്തകേരളം പരിപാടിയ്ക്ക് ഇപ്പോൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയും നിലവിലുള്ള റ്റി.എസ്.സി. ഘടകവും, തദ്ദേശ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടും ഇതിനായി ഉപയോഗിക്കുന്നതാണ്. വിവര-വിജ്ഞാന-വ്യാപനത്തിലൂടെ |

(2) പദ്ധതിയുടെ പ്രവർത്തനം ബഹുജന പങ്കാളിത്തത്തോടെ ഊർജ്ജിതമാക്കുന്നതിനായി ഒരു പ്രത്യേക കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡെവലപ്മെന്റ് യൂണിറ്റ് (CCDU) ഈ സാമ്പത്തിക വർഷം അനുവദിച്ചു കിട്ടിയിട്ടുണ്ട്. ഈ പദ്ധതി പ്രവർത്തനം നിരീക്ഷിക്കുന്നതിനായി സംസ്ഥാന, ജില്ല, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് തലത്തിൽ സംവിധാനം നിലവിലുണ്ട്. പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുവേണ്ടിയാണ് ക്ലീൻ കേരള മിഷനും സമ്പൂർണ്ണശുചിത്വമിഷനും സംയോജിപ്പിച്ച് 'ശുചിത്വമിഷൻ' രൂപീകരിച്ചത്.

[signature]

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട | 10.7.2008- ൽ |
| ചോദ്യം നമ്പർ -378 | മറുപടി നൽകേണ്ടത് |

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി തുക വിനിയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.എ. വാഹിദ്<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. ജി. കാർത്തികേയൻ | | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി തുക വിനിയോഗം സംബന്ധിച്ചു നിരന്തര നിരീക്ഷണം നടത്തുവാൻ ഉദ്ദേശമുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അതിനുള്ള സംവിധാനം എന്തെന്ന് പറയുമോ ; | (ബി) | പദ്ധതി തുക വിനിയോഗം ഫലപ്രദമായി നിരീക്ഷണം നടത്തുവാൻ എല്ലാ മാസവും അവലോകനയോഗങ്ങൾ നടത്താറുണ്ട്. ടി യോഗങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകാറുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങൾ തയ്യാറാക്കുന്ന വികസന പ്രോജക്ടുകളുടെ ക്രോഡീകരണത്തിനും,വിശകലനത്തിനും, പ്രോജക്ട് പൂർത്തീകരണത്തിലൂടെ സൃഷ്ടിക്കപ്പെട്ട ആസ്തികളും / ഭൗതികനേട്ടങ്ങളും വിലയിരുത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് |

പ്രോജക്ട് ഫോറങ്ങൾ നടപ്പ് വർഷം പരിഷ്ക്കരിച്ചിട്ടുണ്ട്. ഈ ഫോറങ്ങൾ ഉപയോഗിച്ച് കമ്പ്യൂട്ടർ സംവിധാനം വഴി പ്രോജക്ടിന്റെ പുരോഗതി നിരീക്ഷിക്കുന്നതാണ്. ഈ സംവിധാനം വഴി പ്രോജക്ടുകൾ ഓൺലൈൻ ആയി തന്നെ സാങ്കേതിക ഉപദേശക സമിതികൾക്കും ജില്ലാ ആസൂത്രണ സമിതികൾക്കും നൽകുന്നതിനും ഉദ്ദേശിക്കുന്നു. ഇതിലൂടെ പ്രോജക്ട് നടത്തിപ്പ് പുരോഗതിയും തദ്വാര പദ്ധതി തുക വിനിയോഗിക്കുന്നതും വസ്തുനിഷ്ഠമായി നിരീക്ഷിക്കുന്നതിനും പ്രോജക്ടിന്റെ ലക്ഷ്യങ്ങളുടേയും സാങ്കേതിക വിവരങ്ങളുടേയും കൃത്യത ഉറപ്പുവരുത്തുവാനും പ്രോജക്ടിൽ വകയിരുത്തിയ/ ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും പ്രോജക്ടിൽ വിഭാവനം ചെയ്യതും, സൃഷ്ടിക്കപ്പെട്ടതുമായ ആസ്തികളും ഭൗതികനേട്ടങ്ങളും കൃത്യതയോടെ പരിശോധനാ സംവിധാനങ്ങൾക്ക് ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്.

(സി) തുകയുടെ വിനിയോഗം നടത്തുന്ന കൂട്ടത്തിൽ തന്നെ അതിനു ആനുപാതികമായി ഫിസിക്കൽ ടാർജറ്റും നേടാൻ കഴിയുന്നുണ്ടോ എന്നും വർക്കുകളുടെ ഗുണമേന്മ വേണ്ട വിധമാണോ എന്നും നിരീക്ഷിക്കുമോ ;

(സി) തുകയുടെ വിനിയോഗം നടത്തുന്ന കൂട്ടത്തിൽ തന്നെ അതിനു ആനുപാതികമായി ഫിസിക്കൽ ടാർജറ്റും നേടാൻ കഴിയുമോ എന്നും വർക്കുകളുടെ ഗുണമേന്മയെക്കുറിച്ചും നിരീക്ഷണം നടത്തുന്നുണ്ട്.

(ഡി) എങ്കിൽ അതിനുള്ള സംവിധാനം എന്തെന്ന് പറയുമോ ?

(ഡി) പ്രതിമാസ മോണിറ്ററിംഗ് നടത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. നിലവിൽ ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും ലഭ്യമായ തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച കണക്കുകളും ഏറ്റെടുത്ത പ്രോജക്ടുകളിൽ പൂർത്തീകരിച്ച പ്രോജക്ടുകളുടെയും വിവരങ്ങൾ മാസാന്ത്യ റിപ്പോർ

ട്ടുകളിലൂടെ ലഭ്യമാക്കി വരുന്നുണ്ട്. പ്രോജക്ടിന്റെ ഭൗതികനേട്ടങ്ങൾ കൈവരിച്ചു എന്നുറപ്പുവരുത്തുന്നതിന് ഓരോ പ്രോജക്ടിനും മോണിറ്ററിംഗ് സമിതി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഇനി മുതൽ ഒരു വാർഷിക പദ്ധതിയിലെ പ്രോജക്ടുകളുടെ ചെലവു കണക്കുകൾ അടുത്ത വർഷം മെയ് 31 നകം ഇലക്ട്രോണിക് രൂപത്തിൽ തയ്യാറാക്കുന്നതിനും ഇത് സംബന്ധിച്ച ഡേറ്റാ സ്റ്റേറ്റ് ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചർ സെന്ററിലെ മാസ്റ്റർ സെർവറിലേയ്ക്ക് അയയ്ക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം ഒരു തദ്ദേശഭരണ സ്ഥാപനത്തിന്റെ ഡേറ്റാ മാസ്റ്റർ സെർവറിലേയ്ക്ക് അയച്ചു കഴിഞ്ഞാൽ വെബ്സൈറ്റിൽ നിന്ന് അതാ തദ്ദേശഭരണ സ്ഥാപനത്തിന്റെ ചെലവു കണക്കുകളുടെ വിവിധ റിപ്പോർട്ടുകൾ ലഭ്യമാകുന്നതാണ്. ഇതിലൂടെ ധനവിനിയോഗവും ഭൗതികനേട്ടവും നിരീക്ഷിക്കുന്നതിനുള്ള സംവിധാനം കൂടുതൽ കാര്യക്ഷമമാകുന്നതാണ്. കൂടാതെ ഒരു ടെക്നിക്കൽ ഓഡിറ്റ് സംവിധാനം കൊണ്ടുവരുന്ന കാര്യവും പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**പന്ത്രണ്ടാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 379

10.07.2008 ൽ ബഹു. ധനകാര്യ മന്ത്രി മറുപടി നൽകേണ്ടത്

**ദേശീയ സമ്പാദ്യ പദ്ധതിയുടെ നിക്ഷേപ സമാഹരണം**

**ചോദ്യം** | **ഉത്തരം**

ശ്രീമതി. കെ.എസ്.സലീഖ.
ശ്രീ. സി.എം. ദിനേശ് മണി.
ശ്രീമതി. ജെ. അരുന്ധതി.
ശ്രീ. അൽഫോൺസ് കണ്ണന്താനം
ശ്രീ. കെ.വി. അബ്ദുൾ ഖാദർ

ബഹു. ധനകാര്യ വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | ദേശീയ സമ്പാദ്യ പദ്ധതിയുടെ നിക്ഷേപ സമാഹരണം ലക്ഷ്യ പ്രാപ്തിയിലെത്തുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ; | ഉണ്ട്. ദേശസാൽകൃത ബാങ്കുകളിൽ പലിശ ഇനത്തിൽ വന്ന വർദ്ധനവിന് ആനുപാതികമായി ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപങ്ങൾക്കുള്ള പലിശ നിരക്ക് വർദ്ധിപ്പിക്കാത്തതിനാൽ ദേശീയ സമ്പാദ്യ പദ്ധതിയിലേക്കുള്ള നിക്ഷേപം ഗണ്യമായി കുറയാൻ കാരണമായി. |
| (ബി) | നിക്ഷേപ സമാഹരണത്തിലെ കുറവ് സംസ്ഥാനത്തിന് വായ്പ ലഭിക്കുന്ന കാര്യത്തിൽ നഷ്ടമുണ്ടാക്കുന്നുണ്ടോ; | ഉണ്ട്. |
| (സി) | പദ്ധതിയിലുള്ള നിക്ഷേപങ്ങൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിന് കേന്ദ്ര സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; | ഇല്ല. |
| (ഡി) | മഹിളാ പ്രധാൻ ഏജന്റുമാർക്കുള്ള കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ഡിസംബർ 2007 വരെയുള്ള കുടിശ്ശിക പൂർണ്ണമായി നൽകിക്കഴിഞ്ഞു. 2008 ജനുവരി മുതൽ 2008 മാർച്ച് വരെയുള്ള കുടിശ്ശിക കൊടുക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ഏട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 380 — 10.7.2008ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.യുടെ വരുമാനചോർച്ച തടയാൻ നടപടി.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.പി. അനിൽ കുമാർ | ശ്രീ. മാത്യു.ടി. തോമസ്<br>ഗതാഗതവും പ്രിൻറിംഗും സ്റേറഷനറിയും വകുപ്പ് മന്ത്രി. |
| (എ) കെ.എസ്.ആർ.ടി.സിയുടെ വരുമാനചോർച്ച തടയുന്നതിലേയ്ക്കായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; | (എ) കെ.എസ്.ആർ.ടി.സിയുടെ വരുമാന ചോർച്ച തടയുന്നതിനായി ഇൻസ്പെക്ഷൻ വിഭാഗത്തെ ശക്തിപെടുത്തിയിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ടിക്കററില്ലാതെ യാത്രചെയ്യുന്നവരിൽ നിന്നും അഞ്ഞൂറ് രൂപ പിഴ ഈടാക്കിവരുന്നതിന് നടപടിയെടുത്തിട്ടുണ്ട്. ആഡിററ് വിഭാഗത്തിൻെറ ക്രമമായ ആഡിററിംഗും നടത്തുന്നുണ്ട്. |
| (ബി) കെ.എസ്.ആർ.ടി.സിയുടെ വരുമാനം വർദ്ധിപ്പിക്കുവാൻ സ്വീകരിക്കുന്ന നടപടികളുടെ ഭാഗമായി മററു സംസ്ഥാനങ്ങളിലുള്ളപോലെ അന്തർ സംസ്ഥാന സർവ്വീസുകൾ ഉൾപ്പെടെയുള്ള ദീർഘദൂര സർവ്വീസുകൾക്ക് ഓൺലൈൻ റിസർവേഷൻ ആൻറ് ക്യാൻസലേഷൻ സംപ്രദായം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | (ബി) ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 381 — 10.07.2008 ൽ മറുപടിയ്ക്ക്

## എല്ലാ പഞ്ചായത്തുകൾക്കും പൊതു ശ്മശാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ചാഴിക്കാടൻ<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.ജോസഫ് എം. പുതുശ്ശേരി | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകൾക്കും പൊതു ശ്മശാനം എന്ന ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനിയും ആയത് സജ്ജമാക്കുവാൻ എത്ര പഞ്ചായത്തുകൾ ബാക്കിയുണ്ടെന്ന് ജില്ല തിരിച്ചു വ്യക്തമാക്കാമോ; | (എ). ഇല്ല. സംസ്ഥാനത്തെ 522 ഗ്രാമപഞ്ചായത്തുകളിൽ പൊതു ശ്മശാനങ്ങൾ ഇല്ല. പൊതു ശ്മശാനം ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു |

| | |
|---|---|
| 1.തിരുവനന്തപുരം | 69 |
| 2.കൊല്ലം | 54 |
| 3.പത്തനംതിട്ട | 35 |
| 4.ആലപ്പുഴ | 45 |
| 5.കോട്ടയം | 50 |
| 6.ഇടുക്കി | 31 |
| 7.എറണാകുളം | 40 |
| 8.തൃശ്ശൂർ | 22 |
| 9.പാലക്കാട് | 25 |
| 10.മലപ്പുറം | 49 |
| 11.കോഴിക്കോട് | 51 |
| 12.വയനാട് | 11 |
| 13.കണ്ണൂർ | 23 |
| 14.കാസർഗോഡ് | 11 |
| ആകെ | 522 |

| | | | |
|---|---|---|---|
| (ബി) | ഇക്കാര്യത്തിലെ പ്രവർത്തന പുരോഗതി വിലയിരുത്തുവാൻ അവലോകനയോഗങ്ങൾ കൂടാറുണ്ടോ; ആരാണ് പ്രസ്തുത യോഗങ്ങളിൽ അദ്ധ്യക്ഷം വഹിക്കുന്നത്. | (ബി) | ഇക്കാര്യത്തിലെ പ്രവർത്തന പുരോഗതി വിലയിരുത്താൻ എല്ലാ ജില്ലകളിലും ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ അവലോകന യോഗങ്ങൾ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും കൂടാറുണ്ട്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽസെക്രട്ടറി, പഞ്ചായത്ത് ഡയറക്ടർ എന്നിവർ വിളിച്ചു ചേർക്കുന്ന ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെയും സെക്രട്ടറിമാരുടെയും അവലോകന യോഗങ്ങളിലും ഇക്കാര്യം വിലയിരുത്താറുണ്ട്. |
| (സി) | ഇക്കാര്യത്തിൽ പ്രസ്തുത ലക്ഷ്യം പൂർത്തിയാക്കുവാൻ സമയപരിധി നിശ്ചയിച്ച് സത്വര നടപടി സ്വീകരിക്കുമോ? | (സി) | സത്വര നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.382** | **10.7.2008 -ൽ മറുപടിക്ക്**

## 'സമഗ്ര'യുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം

**ചോദ്യം**

ശ്രീമതി.ജെ.അരുന്ധതി
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
ശ്രീമതി.പി.അയിഷാ പോറ്റി
ശ്രീമതി.കെ.കെ.ലതിക
ശ്രീമതി.കെ.എസ്.സലീഖ

(എ) വർദ്ധിച്ച വനിതാ പങ്കാളിത്തത്തോടെയും കുടുംബശ്രീയുടെ സഹായത്തോടെയും ആരംഭിച്ചിട്ടുള്ള 'സമഗ്ര'യുടെ പ്രവർത്തനം സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ;

**ഉത്തരം**

ശ്രീ.പാലോളി മുഹമ്മദ് കുട്ടി
തദ്ദേശ സ്വയംഭരണവും
ഗ്രാമവികസനവും വകുപ്പ് മന്ത്രി

(എ) പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമിട്ട് ആ പ്രദേശത്തെ ഒരു വിളയോ, ഒരു ഉല്പന്നമോ, ഒരു പരമ്പരാഗത തൊഴിലോ തെരഞ്ഞെടുത്ത് അവയുടെ ഉല്പാദനം മുതൽ വിപണനം വരെയുള്ള പ്രവർത്തനങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി വർദ്ധിച്ച വനിതാ പങ്കാളിത്തം ഉറപ്പാക്കി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഉല്പാദന വർദ്ധനവും വരുമാനവും നേടുന്നതിലേയ്ക്ക് കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന സംയോജിത പരിപാടിയാണ് 'സമഗ്ര'.
സമഗ്ര ലക്ഷ്യമിടുന്നത് ഇവയാണ്.

- ഉയർന്ന ഉല്പാദന ക്ഷമത
- വർദ്ധിച്ച ഗുണമേന്മ
- വർദ്ധിച്ച വനിതാ പങ്കാളിത്തം
- ഉയർന്ന വരുമാനം
- പരമാവധി തൊഴിൽ ദിനങ്ങൾ
- സംയോജിത പ്രവർത്തനം
- വിപണി ഉറപ്പാക്കൽ

| | | | |
|---|---|---|---|
| ബി) | ഏതെല്ലാം ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് ; ഓരോ ജില്ലയിലും ഏതെല്ലാം ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനാണ് ഊന്നൽ കൊടുത്തിട്ടുള്ളത്; | (ബി) | തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലാണ് സമഗ്ര നടപ്പാക്കിയിട്ടുള്ളത്.<br><br>തിരുവനന്തപുരം - നേന്ത്രവാഴ കൃഷിയും ഉല്പന്ന നിർമ്മാണവും.<br>പത്തനംതിട്ട - തേനും തേൻ ഉല്പന്നങ്ങളുടെ നിർമ്മാണവും<br>എറണാകുളം - പൈനാപ്പിൾ കൃഷിയും ഉല്പന്ന നിർമ്മാണവും<br>തൃശ്ശൂർ - പൂജക്കദളി കൃഷി<br>കോഴിക്കോട് - ചെരുപ്പിന്റെ അപ്പർ നിർമ്മാണം. |
| (സി) | ഈ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി കണ്ടെത്താൻ കഴിയുന്നുണ്ടോ; | (സി) | വിപണി ഉറപ്പാക്കിയിട്ടുണ്ട് |
| (ഡി) | സമഗ്രയുമായി ബന്ധപ്പെട്ട് എത്ര പേർ പണിയെടുക്കുന്നു എന്ന് അറിയിക്കുമോ ? | (ഡി) | തിരുവനന്തപുരം-6,000 ആക്ടിവിറ്റി ഗ്രൂപ്പുകളിലായി 30,000 വനിതകൾ<br>പത്തനംതിട്ട - 10,000 കുടുംബങ്ങൾ<br>എറണാകുളം - 2500 ആക്ടിവിറ്റി ഗ്രൂപ്പുകളിലായി 12,500 വനിതകൾ<br>തൃശ്ശൂർ - 750 വനിതകൾ<br>കോഴിക്കോട്- ആകെ 1,000 വനിതകൾക്ക് പരിശീലനം നല്കി തൊഴിൽ ലഭ്യമാക്കും. 40 പേർക്ക് ഇതിനകം പരിശീലനം നല്കി 10 പേരുള്ള ഒരു യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ .383 10.7.2008-ൽ മറുപടിക്ക്

## വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.കെ.സി.രാജഗോപാലൻ<br>ശ്രീ.പി.ടി.എ.റഹീം<br>ശ്രീ.മുരളി പെരുനെല്ലി | ഡോ.റ്റി.എം.തോമസ് ഐസക്ക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| (എ)വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളുടെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ; | (എ)വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളുടെ നവീകരണത്തിനായി ഒട്ടനവധി പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിന് വാളയാർ ബംഗ്രമഞ്ചേശ്വരം എന്നീ ചെക്ക്പോസ്റ്റുകളിൽ ഹൈമാസ്റ്റ് ഫ്ളഡ്ലൈറ്റ് സംവിധാനം ഏർപ്പെടുത്തി. കൂടാതെ വാളയാറിൽ മലബാർ സിമന്റ്സിൽ നിന്നും വൈദ്യുതിലൈൻ വലിക്കുകയും ചെക്ക്പോസ്റ്റിൽ ജനറേറ്റർ സ്ഥാപിക്കുകയും ബന്ധപ്പെട്ട വൈദ്യുതീകരണം നടത്തുകയും ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിലെ ചെക്ക്പോസ്റ്റുകൾക്ക് സമീപമുള്ള റോഡുകളുടെ മരാമത്ത് പണികൾക്കായി 231.2 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വാളയാറിൽ സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനായി 12.49 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനു അനുമതി നൽകിയിട്ടുണ്ട്. ബംഗ്രമഞ്ചേശ്വരം, മുത്തങ്ങ ചെക്ക്പോസ്റ്റുകളുടെ ആവശ്യത്തിലേക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നുണ്ട്. |

| | |
|---|---|
| | ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ ചെക്ക്പോസ്റ്റുകളിൽ തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകി നിയമിച്ചു. കൂടുതൽ കൗണ്ടറുകൾ തുടങ്ങി ചെക്ക്പോസ്റ്റുകളിലെ തിരക്ക് ഒഴിവാക്കി. പാലക്കാട് ജില്ലയിലെ ചെക്ക്പോസ്റ്റുകളിൽ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് സർക്കാർ ചെലവിൽ താമസസൗകര്യം , ഗതാഗതസൗകര്യം ഭക്ഷണം എന്നിവയും ബോഗ്രാമഞ്ചേശ്വരം ചെക്ക്പോസ്റ്റിൽ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് സർക്കാർ ചെലവിൽ താമസസൗകര്യവും ഭക്ഷണസൗകര്യവും ഏർപ്പെടുത്തി.<br>പാലക്കാട് ജില്ലയിലെ വിവിധ ചെക്ക്പോസ്റ്റുകളിലായി അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ബാരിക്കേഡ് മുറികളുടെ നിർമ്മാണം, ക്വാർട്ടേഴ്സുകളുടെ നവീകരണം ജനറേറ്റർ സ്ഥാപിക്കൽ,മരാമത്ത് പണികൾ, ട്രഷറി സ്ഥാപിക്കൽ, കണ്ടെയ്നർ ഓഫീസ് മോഡ്യൂളുകൾ സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തികൾക്കും അനുമതി നൽകിയിട്ടുണ്ട്. |
| (ബി) വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിന് ചെക്ക് പോസ്റ്റുകളിൽ സ്കാനർ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) പരിഗണനയിലാണ്. |
| (സി) വാളയാർ ചെക്ക്പോസ്റ്റിൽ എന്തെല്ലാം സൗകര്യങ്ങളാണ് പുതുതായി ഏർപ്പെടുത്തിയത് ; | (സി)വാളയാറിൽ ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി കിറ്റ്കോ സമർപ്പിച്ച 2634.60 കോടി രൂപയുടെ പദ്ധതി അംഗീകരിച്ചു. കൂടാതെ, കൊമേഴ്സ്യൽ ടാക്സസ്, മോട്ടോർ വെഹിക്കിൾസ്, എക്സൈസ്, പോലീസ് എന്നീ വകുപ്പുകളിൽ ആവശ്യമായ തസ്തികകൾ |

| | |
|---|---|
| | സൃഷ്ടിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. വാളയാർ ചെക്ക്പോസ്റ്റിലെ വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിന് വേണ്ടി ഹൈമാസ്റ്റ് ഫ്ളഡ് ലൈറ്റ് സംവിധാനം സ്ഥാപിച്ചു. ചെക്ക്പോസ്റ്റിൽ വൈദ്യുതി തടസ്സം ഉണ്ടാകാതിരിക്കാൻ മലബാർ സിമന്റ്സിൽ നിന്നും വൈദ്യുതി ലൈൻ വലിക്കുകയും ചെക്ക്പോസ്റ്റിൽ ജനറേറ്റർ സ്ഥാപിക്കുകയും ബന്ധപ്പെട്ട വൈദ്യുതീകരണം നടത്തുകയും ചെയ്തു.<br>വാളയാർചെക്ക്പോസ്റ്റിൽ ഹെൽപ്പ് ഡെസ്ക്, ട്രഷറി, പോലീസുകാർക്ക് വേണ്ടി കണ്ടെയ്നർ എന്നിവ സ്ഥാപിച്ചു. ഉച്ചഭാഷിണി, ഇന്റർകോം എന്നിവയും സ്ഥാപിക്കുകയുണ്ടായി.<br>വാളയാർ ഔട്ട്-ഇൻ ചെക്ക്പോസ്റ്റുകളിൽ ടോക്കൺ സ്വീകരിക്കുന്നതിന് വേണ്ടിയും, ഗ്രീൻചാനൽ സംവിധാനത്തിന് വേണ്ടിയും കണ്ടെയ്നർ ഓഫീസ് മോഡ്യൂളുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകി. |
| (ഡി) ഏതെല്ലാം ചെക്ക്പോസ്റ്റുകളിൽ 'വെയ്ബ്രിഡ്ജുകൾ' സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട് ; | (ഡി) അമരവിള, ആര്യങ്കാവ്, കുമിളി, വാളയാർ, ഗോവിന്ദപുരം, ഗോപാലപുരം, കോഴിപ്പാറ (വേലന്താവളം), ബംഗ്രമഞ്ചേശ്വരം, കൂട്ടുപ്പുഴ എന്നീ ചെക്ക്പോസ്റ്റുകളിൽ വെയ്ബ്രിഡ്ജ് സ്ഥാപിക്കാൻ അനുമതി നൽകിയിട്ടുണ്ട്. |

| | |
|---|---|
| (ഇ) വാഹനങ്ങളുടെ പാർക്കിംഗിന് മതിയായ സ്ഥലസൗകര്യം, ജനറേറ്ററുകൾ, പേ ആന്റ് യൂസ് ടോയ്‌ലറ്റ് എന്നിവ എല്ലാ ചെക്ക് പോസ്റ്റിലും ഏർപ്പെടുത്തുമോ ; | (ഇ) ബംഗ്രമഞ്ചേശ്വരം ചെക്ക്പോസ്റ്റിൽ സ്ഥലമെടുപ്പ് വാഹന പാർക്കിംഗിന് കൂടിയുള്ളതാണ്. സ്ഥലമെടുപ്പിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ചെക്ക്പോസ്റ്റുകളിൽ പേ ആന്റ് യൂസ് ടോയ്‌ലറ്റ് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ട്. |
| (എഫ്) താൽക്കാലിക ചെക്ക് പോസ്റ്റുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (എഫ്) താൽക്കാലിക ചെക്ക് പോസ്റ്റുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ വാളയാർ, ചെമ്മണാംപതി, കണ്ണിമാരി, അത്തിക്കോട് എന്നീ ചെക്ക്പോസ്റ്റുകളിൽ കണ്ടെയ്നർ ഓഫീസ് മോഡ്യൂളുകൾ സ്ഥാപിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 384 | 10.07.2008 ൽ മറുപടിയ്ക്ക്

### തെരുവുവിളക്കുകൾക്കുള്ള ഉപകരണങ്ങൾ വാങ്ങുന്നതിലെ അഴിമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ടി.എൻ.പ്രതാപൻ<br>ശ്രീ.കെ.ബാബു<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.എം.മുരളി | | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) | |
| (എ) | തെരവുവിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിൽ ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വ്യാപകമായി അഴിമതി നടത്തുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചട്ടങ്ങൾ ലംഘിച്ച് ഉപകരണങ്ങൾ വാങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ വൻതുകയ്ക്കു ഉപകരണങ്ങൾ വാങ്ങുന്നതു സംബന്ധിച്ചു വ്യക്തമായ മാനദണ്ഡങ്ങളും, വ്യവസ്ഥകളും നിലവിലുണ്ടോ; | (ബി) | ഉണ്ട്. ജി.ഒ.(എം.എസ്)13/97/പി.ഡി തീയ്യതി 22.03.98 പ്രകാരമാണ് തെരുവു വിളക്കുകൾ കത്തിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ കെ.എസ്.ഇ.ബി.യ്ക്ക് വാങ്ങി നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നത്. സ്റ്റോർ പർച്ചേസ് മാന്വലിലെ നിബന്ധനകൾ പാലിച്ചുവേണം അപ്രകാരമുള്ള പർച്ചേസ് നടത്തേണ്ടത് എന്ന് 5.01.98-ലെ ജി.ഒ.(ആർ.ടി)84/98/എൽ.എ.ഡി പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇത്തരത്തിൽ ഉപകരണങ്ങൾ വാങ്ങുന്നതിന് ക്വട്ടേഷൻ നൽകുന്നവരിൽ സർക്കാർ സ്ഥാപനങ്ങളുണ്ടെങ്കിൽ ഈ ഉപകരണങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാനായി അവർക്ക് ടെണ്ടർ നൽകണമെന്നു വ്യവസ്ഥയുണ്ടോ; | (സി) | വ്യവസ്ഥയുണ്ട്. |
| (ഡി) | ഈ വ്യവസ്ഥ ലംഘിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമോ; | (ഡി) | സ്റ്റോർ പർച്ചേസ് മാന്വലിലെ നിബന്ധനകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ബാധകമാണ്. അവ ലംഘിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെടുന്ന പക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | ഇതു സംബന്ധിച്ചുള്ള ക്രമക്കേടുകൾ പരിശോധിക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ? | (ഇ) | തെരുവുവിളക്കുകൾക്കുള്ള ഉപകരണങ്ങൾ വാങ്ങുന്നത് സംബന്ധിച്ച നടപടികൾ ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗത്തെ കൂടാതെ പെർഫോമൻസ് ആഡിറ്റ് വിഭാഗവും സർക്കാരിന്റെ സ്റ്റോർ പർച്ചേസ് വിഭാഗം ഇൻസ്പെക്ഷൻ ടീമും നിലവിൽ പരിശോധിച്ചു വരുന്നു. അതിനാൽ പ്രത്യേക സംവിധാനത്തിന്റെ ആവശ്യകത ഉള്ളതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 385 — 10.7.2008ലെ മറുപടിക്ക്

കെ.ടി.ഡി.എഫ്.സി.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. കെ. കെ. ദിവാകരൻ<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>ശ്രീ. രാജു എബ്രഹാം | ശ്രീ. മാത്യു.ടി. തോമസ്<br>ഗതാഗതവും പ്രിൻറിംഗും സ്റേറഷനറിയും വകുപ്പ് മന്ത്രി. |
| (എ) കേരള സ്റ്റേററ് ട്രാൻസ്പോർട്ട് ഡെവലപ്പ്മെൻറ് ഫിനാൻസ് കോർപ്പറേഷൻെറ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം | (എ) കോർപ്പറേഷൻെറ ബിസിനസ് വിപുലമാക്കുന്നതിനായി വിവിധ മാധ്യമങ്ങളിലൂടെയും വിവിധ ബസ് സ്റ്റേഷനുകൾ, ഇൻർസിററി എക്സ്പ്രസ് എന്നിവിടങ്ങളിലൂടെയും പരസ്യം നൽകുന്നുണ്ട്. വിവിധ ലോണുകൾ അനുവദിച്ചു നൽകുന്നതിന് വളരെ കുറഞ്ഞ സമയ പരിധി നിശ്ചയിക്കുകയും ഈ സമയപരിധിക്കുള്ളിൽ തന്നെ അപേക്ഷകർക്ക് ലോൺ അനുവദിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു സിററിസൺ ചാർട്ടർ പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്. ബ്രാഞ്ച് ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എല്ലാ ബ്രാഞ്ചുകൾക്കും ഒരു പ്രതിമാസ ടാർജററ് നിശ്ചയിക്കുകയും ഇതിൻെറ പുരോഗതി പ്രതിമാസ അവലോകന യോഗത്തിൽ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ഓഫീസ് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ടി.സി.എസിൻെറ സഹായത്തോടെ ഐ.ബി.എം.എസ്. സോഫ്ററ്വെയർ രൂപപ്പെടുത്തുകയും ഓഫീസ് പ്രവർത്തനം ഐ.ബി.എം.എസ്. വഴി തുടങ്ങുകയും ചെയ്തിട്ടുണ്ട്. കൂടാതെ കോർപ്പറേഷൻെറ ഭരണച്ചെലവ് കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (ബി) കഴിഞ്ഞ വർഷം വിവിധ ഇനം വായ്പകൾ നൽകുന്നതിൽ എന്തു മാത്രം പുരോഗതി ഉണ്ടായിട്ടുണ്ട് ; | (ബി) 2007-2008 സാംപത്തിക വർഷം വിവിധ വായ്പകളിലായി 13,66,98,516/ രൂപ കോർപ്പറേഷൻ നൽകിയിട്ടുണ്ട്. എന്നാൽ വരും വർഷങ്ങളിൽ കൂടുതൽ തുക വായ്പയായി നൽകുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 2006-2007 വർഷവുമായി താരതമ്യം ചെയ്യുംപോൾ വായ്പ നൽകുന്നതിൽ കുറവ് ഉണ്ടായിട്ടുണ്ട്. |
| (സി) കോർപ്പറേഷനിൽ നടന്ന ക്രമക്കേടുകൾ സംബന്ധിച്ച അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; | (സി)യും (ഡി)യും വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടില്ല. |
| (ഡി) എങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ വിശദാംശം വെളിപ്പെടുത്തുമോ ; | |
| (ഇ) കെ.എസ്.ആർ.ടി.സി.യ്ക്ക് ഫിനാൻസ് കോർപ്പറേഷൻ മൊത്തം എത്ര കോടി രൂപ വായ്പ നൽകിയിട്ടുണ്ട് എന്ന് അറിയിക്കുമോ ? | (ഇ) കെ.എസ്.ആർ.ടി.സി.ക്ക് മൊത്തം ഇതുവരെ 8,09,97,14,307/ രൂപ വായ്പയായി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.386 — 10.07.2008 -ൽ മറുപടിയ്ക്ക്

### പഞ്ചായത്തു റോഡുകളുടെ അറ്റകുറ്റപ്പണികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശശികുമാർ:<br>ശ്രീ.കെ.കെ.ജയചന്ദ്രൻ:<br>ശ്രീ.പി.ജയരാജൻ:<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ:<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി: | ശ്രീ.പാലോളി മുഹമ്മദുകുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി) |
| (എ) പഞ്ചായത്തുകളുടെ കീഴിലുള്ള റോഡുകൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതു മൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ തുക നീക്കിവയ്ക്കണമെന്ന് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകുമോ; | (ബി) പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിൽ പശ്ചാത്തല മേഖലയ്ക്ക് നീക്കിവച്ചിട്ടുള്ള 20% തുകയിൽനിന്നും റോഡ് സംരക്ഷണപ്രവൃത്തികൾക്കായി തുക വിനിയോഗിക്കാവുന്നതാണ്. ഇതിനു പുറമേ മെയിൻറനൻസ്ഫണ്ടും പഞ്ചായത്തുകളുടെ തനത് ഫണ്ടും വിനിയോഗിച്ചും റോഡ് സംരക്ഷണ പ്രവൃത്തികൾ നടത്താവുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ടാർചെയ്യാത്ത പഞ്ചായത്തു റോഡുകൾ ടാർ ചെയ്യുന്നതിനു നടപടി സ്വീകരിക്കുമോ? | (സി) | തങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ സംരക്ഷണം പഞ്ചായത്തിന്റെ അനിവാര്യചുമതലയാണ്. പഞ്ചായത്തുകൾക്ക്അനുവദിച്ചിട്ടുള്ള മെയിന്റനൻസ് ഫണ്ട് തുക, പദ്ധതിവിഹിതത്തിൽ പശ്ചാത്തലമേഖലയ്ക്ക് നീക്കിവച്ചിട്ടുള്ള തുക, തനത് ഫണ്ട് എന്നിവ വിനിയോഗിച്ച് റോഡുകൾ ടാർ ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: *387 — 10-7-2008-ൽ മറുപടിക്ക്

## റോഡരികിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള വ്യവസ്ഥകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :<br>ശ്രീ. എം. ഉമ്മർ : | ശ്രീ. പാലൊളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) കെട്ടിട നിർമ്മാണങ്ങൾക്ക് നാഷണൽ ഹൈവെ ഉൾപ്പെടെ വിവിധ റോഡുകളിൽ നിന്നും എത്ര അകലത്തിലാണ് അനുമതി നൽകുന്നതെന്ന് വിശദമാക്കാമോ ; | (എ) 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 220 (ബി), 1994 - ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 383 A വകുപ്പ് പ്രകാരവും 1999- ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ സെക്ഷൻ 26 പ്രകാരവും നാഷണൽ ഹൈവെ, സ്റ്റേറ്റ് ഹൈവെ, മേജർ ജില്ലാ റോഡുകൾ, കേരളാ പഞ്ചായത്ത് രാജ് ആക്ട് പ്രകാരവും, കേരള മുൻസിപ്പാലിറ്റി ആക്ട് പ്രകാരവും വിജ്ഞാപനം ചെയ്തിട്ടുള്ള റോഡുകൾ എന്നിവയിൽ നിന്നും 3 മീറ്റർ ദൂരപരിധി പാലിച്ചു മാത്രമേ കെട്ടിട നിർമ്മാണം അനുവദിക്കാറുള്ളൂ. എന്നാൽ ഹൈവെ പ്രൊട്ടക്ഷൻ ആക്ടിനെ ആധാരമാക്കി നാഷണൽ ഹൈവെ, സ്റ്റേറ്റ് ഹൈവെ, മേജർ ഡിസ്ട്രിക്ട് റോഡ് എന്നിവയ്ക്കരികിൽ കെട്ടിട നിർമ്മാണത്തിന് 35 മീറ്റർ, |

20 മീറ്റർ, 15 മീറ്റർ ദൂരപരിധികൾ നിഷ്കർഷിച്ചുകൊണ്ട് പൊതുമരാമത്തു വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

| | |
|---|---|
| (ബി) ഇക്കാര്യത്തിൽ പഞ്ചായത്ത് മുനിസിപ്പൽ അതിർത്തികളിൽ എന്തെങ്കിലും വ്യത്യാസമുണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ ; | (ബി) വ്യത്യാസമില്ല. ഇപ്പോൾ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ തന്നെയാണ് നടപ്പിലാക്കിയിട്ടുള്ളത്. |
| (സി) നിലവിലുള്ള അകലങ്ങളിൽ എന്തെങ്കിലും വർദ്ധനവ് വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ആയത് വ്യക്തമാക്കുമോ ? | (സി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ.388

10.7.2008-ൽ മറുപടിയ്ക്ക്

## ഹരിയാലി പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി:<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.എം.ഹംസ:<br>ശ്രീ.എ.സി.മൊയ്തീൻ:<br>ശ്രീ.പി.ടി.എ.റഹീം: | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ. കേരളത്തിന് ഇതുവരെ എത്ര ഹരിയാലി പദ്ധതികൾ അംഗീകരിച്ചു കിട്ടിയിട്ടുണ്ട്; ഇവയുടെ അടങ്കൽ തുക എത്രയാണ്; | എ. കേരളത്തിന് ഇതുവരെ 26 ഹരിയാലി പ്രോജക്റ്റുകൾ അംഗീകരിച്ചു കിട്ടിയിട്ടുണ്ട്. ഇവയുടെ അടങ്കൽ തുക 7318.71 ലക്ഷം രൂപയാണ്. |
| ബി. പദ്ധതികൾക്ക് ജനകീയ പങ്കാളിത്തത്തോടെ ആക്ഷൻ പ്ലാനുകൾ തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ; | ബി. ഹരിയാലി പദ്ധതിയുടെ ആക്ഷൻ പ്ലാനുകൾ ജനകീയ പങ്കാളിത്തത്തോടെ തയ്യാറാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി. എല്ലാ പദ്ധതികൾക്കും രണ്ടാം ഗഡു നേടിയെടുക്കുന്നതിനു നടപടി സ്വീകരിക്കുമോ; | സി. ഹരിയാലിയിൽ അംഗീകാരം ലഭിച്ച എല്ലാ പദ്ധതികളുടെയും രണ്ടാം ഗഡുവിനുള്ള അപേക്ഷ കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. |
| ഡി. എവിടെല്ലാം പ്രദേശങ്ങളിലാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത് ; പദ്ധതിയുടെ പ്രവർത്തനം വിപുലമാക്കാൻ നടപടി സ്വീകരിക്കുമോ? | ഡി. വിവിധ ജില്ലകളിലായി 26 ബ്ലോക്ക് പഞ്ചായത്തു പ്രദേശങ്ങളിലാണ് പദ്ധതികൾ അനുവദിച്ചിട്ടുള്ളത്. പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. ഹരിയാലി പദ്ധതിയിൽ പുതുതായി പരിഗണിക്കുന്നതിന് 24 പ്രോജക്റ്റുകൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്റ്റുകൾ അംഗീകരിക്കുന്ന മുറയ്ക്ക് പദ്ധതി മറ്റു പ്രദേശങ്ങളിലേയ്ക്കുകൂടി വിപുലീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

## അനുബന്ധം

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ജില്ല |
|---|---|---|
| 1. | ദേവികുളം ബ്ലോക്ക് | ഇടുക്കി |
| 2. | ഒറ്റപ്പാലം ചിറ്റൂർ ബ്ലോക്ക് | പാലക്കാട് |
| 3. | ഏറനാട് താലൂക്ക് | മലപ്പുറം |
| 4. | പാറശ്ശാല ബ്ലോക്ക് | തിരുവനന്തപുരം |
| 5. | പെരുങ്കടവിള ബ്ലോക്ക് | തിരുവനന്തപുരം |
| 6. | അഞ്ചൽ ബ്ലോക്ക് | കൊല്ലം |
| 7. | കോയിപ്പുറം ബ്ലോക്ക് | പത്തനംതിട്ട |
| 8. | വെളിയനാട് ബ്ലോക്ക് | ആലപ്പുഴ |
| 9. | മാടപ്പള്ളി ഈസ്റ്റ് ബ്ലോക്ക് | കോട്ടയം |
| 10. | ളാലം ബ്ലോക്ക് | കോട്ടയം |
| 11 | ഇളംദേശം ബ്ലോക്ക് | ഇടുക്കി |
| 12. | ഒല്ലൂക്കര ബ്ലോക്ക് | തൃശ്ശൂർ |
| 13. | മലമ്പുഴ ബ്ലോക്ക് | പാലക്കാട് |
| 14. | തിരൂരങ്ങാടി ബ്ലോക്ക് | മലപ്പുറം |
| 15. | പറക്കോട് ബ്ലോക്ക് | പത്തനംതിട്ട |
| 16. | കൊട്ടാരക്കര ബ്ലോക്ക് | കൊല്ലം |
| 17. | പന്തളം ബ്ലോക്ക് | പത്തനംതിട്ട |
| 18. | ആര്യാട് ബ്ലോക്ക് | ആലപ്പുഴ |
| 19. | മാടപ്പള്ളി വെസ്റ്റ് ബ്ലോക്ക് | കോട്ടയം |
| 20. | പഴയന്നൂർ ബ്ലോക്ക് | തൃശ്ശൂർ |
| 21. | ചേലന്നൂർ ബ്ലോക്ക് | കോഴിക്കോട് |
| 22. | അമ്പലപ്പുഴ ബ്ലോക്ക് | ആലപ്പുഴ |
| 23. | പട്ടണക്കാട് ബ്ലോക്ക് | ആലപ്പുഴ |
| 24. | നീലേശ്വരം ബ്ലോക്ക് | കാസർകോഡ് |
| 25. | മഞ്ചേശ്വരം ബ്ലോക്ക് | കാസർകോഡ് |
| 26. | ചടയമംഗലം ബ്ലോക്ക് | കൊല്ലം |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 389 — 10.7.2008ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. യുടെ നഷ്ടം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോസഫ്.എം.പുതുശ്ശേരി<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. തോമസ് ചാഴിക്കാടൻ | ശ്രീ. മാത്യു.ടി. തോമസ്<br>ഗതാഗതവും പ്രിൻറിംഗും സ്റേറഷനറിയും വകുപ്പ് മന്ത്രി. |
| (എ) കെ.എസ്.ആർ.ടി.സി.യുടെ ശരാശരി പ്രതിദിന ലഘുനഷ്ടം കണക്ക് അറിയിക്കുമോ; | (എ) 2008 ഏപ്രിൽ മാസത്തിലെ താൽക്കാലികകണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന പ്രവർത്തന ലാഭം മുപ്പത്തിരണ്ട് ലക്ഷം രൂപയാണ്. എന്നാൽ പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങൾ, മുൻബാദ്ധ്യതകൾ തീർക്കുന്നതിനു വേണ്ടി എടുത്ത കടത്തിൻെറ തിരിച്ചടവ്, പലിശ എന്നിവകൂടി കണക്കാക്കുംപോൾ പ്രതിദിന നഷ്ടം അൻപത്തിയൊൻപത് ലക്ഷം രൂപയാണ്. |
| (ബി) നഷ്ടത്തിലാണെങ്കിൽ, ആയതിനുള്ള കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണ് പഠനം നടത്തിയത് ; പഠനഫലങ്ങൾ എന്ത്; വിശദമാക്കുമോ ; | (ബി) ഉണ്ട്. ക്രസിൽ എന്ന സ്ഥാപനം കെ.എസ്.ആർ.ടി.സി.യുടെ ഭരണ നവീകരണത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. എന്നാൽ ഈ റിപ്പോർട്ടിൽ സർവ്വീസ് ഓപ്പറേഷൻ പോലുള്ള മർമ്മപ്രധാനങ്ങളായ വിഷയങ്ങളെക്കുറിച്ച് പ്രതിപാദിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി.യുടെ നവീകരണത്തെക്കുറിച്ച് സർക്കാർ നിയോഗിച്ച ഉന്നതാധികാര സമിതിയുടെ റിപ്പോർട്ടിലെ ശുപാർശകൾ അംഗീകരിച്ചുകൊണ്ട് ഗതാഗത വകുപ്പ് 5.5.2003 ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻെറ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. കൂടാതെ പ്ലാനിംഗ് ബോർഡിൻെറ പഠനറിപ്പോർട്ടും പരിശോധിച്ചു വരികയാണ്.<br>കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണത്തെക്കുറിച്ച് പഠിക്കുന്നതിനായി മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുകയും പ്രസ്തുത സമിതിയുടെ ശുപാർശകൾ അംഗീകരിച്ചുകൊണ്ട് 16.2.2008 ൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട് ആയതിൻെറ പകർപ്പ് അനുബന്ധമായി |

| | |
|---|---|
| | ചേർത്തിട്ടുണ്ട്. |
| (സി) പഠനം നടത്തിയിട്ടില്ലെങ്കിൽ, സത്വരമായി പഠനം നടത്തുവാൻ നടപടി സ്വീകരിക്കുമോ; പ്രസ്തുത പഠനത്തിൽ ചൂണ്ടിക്കാണിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തനം ക്രമീകരിച്ച് കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുമോ; | (സി) മേല്പറഞ്ഞ പഠനങ്ങളിൽ ചൂണ്ടികാണിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി കോർപ്പറേഷന്റെ പ്രവർത്തനം ക്രമീകരിച്ച് ലാഭത്തിലാക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിച്ചുവരികയാണ്. |
| (ഡി) സാമൂഹ്യപ്രതിബദ്ധത നിറവേറ്റുന്നതോടൊപ്പം തന്നെ കെ.എസ്.ആർ.ടി.സി.യെ ആശാവഹമായ പുരോഗതിയിലേയ്ക്ക് നയിക്കുവാൻ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ ? | (ഡി) സാമൂഹിക പ്രതിബദ്ധത നിറവേറ്റുന്നതോടൊപ്പം കോർപ്പറേഷന്റെ പുരോഗതിയിലേക്ക് നയിക്കുന്നതിനുവേണ്ടി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.<br>പ്രതിവർഷം 1000 പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നതിനും അതുവഴി കിലോമീറ്റർ ഓപ്പറേഷനും വരുമാനവും വർദ്ധിപ്പക്കുക.<br>ബസ് വാങ്ങൽ, ബോഡി നിർമ്മാണം, ഇന്ധനം, ടയർ, സ്പെയർ പാർട്ട്സ് എന്നിവയിൽ ഉണ്ടാകുന്ന ചെലവ് പരമാവധി കുറയ്ക്കുക.<br>പ്രവർത്തനേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബസ് സ്റ്റേഷനുകളോടനുബന്ധിച്ച് ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുക, ബസുകൾ, ബസ് സ്റ്റേഷൻ പരിസരം എന്നിവ പരസ്യത്തിന് നൽകുക വഴി വരുമാനം പരമാവധി വർദ്ധിപ്പിക്കുക. പൂർണ്ണതോതിലുള്ള കംപ്യൂട്ടറൈസേഷൻ നടപ്പാക്കുക. നവീന രീതിയിലുള്ള ടിക്കറ്റിംങ് മെഷീൻ ഏർപ്പെടുത്തുക. ജീവനക്കാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുക എന്നീ പദ്ധതികൾ നടപ്പിലാക്കുകവഴി കോർപ്പറേഷനെ പുരോഗതിലേക്കും ലാഭത്തിലേയ്ക്കും നയിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

( [illegible] )

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 390 – 10.7.2008 –ൽ മറുപടിയ്ക്ക്

***സംസ്ഥാനത്തെ ട്രഷറികളിൽ ടെല്ലർ സംവിധാനം***

**ചോദ്യം** | **ഉത്തരം**

ശ്രീ. റ്റി.യു. കുരുവിള | ധനകാര്യ വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ) | സംസ്ഥാനത്തെ ട്രഷറികളിൽ ടെല്ലർ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും ടെല്ലർ സംവിധാനം ഏർപ്പെടുത്തുവാൻ കഴിഞ്ഞു. |
| (ബി) | എങ്കിൽ അതിനുവേണ്ടിയുള്ള പ്രവർത്തനം ഏതു ഘട്ടത്തിലാണെന്നു വിശദമാക്കാമോ? | പ്രവർത്തനം പൂർത്തിയായി. |
| (സി) | സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും ഈ സംവിധാനം ഏർപ്പെടുത്തുമോ? | എല്ലാ ട്രഷറികളിലും ഈ സംവിധാനം ഏർപ്പെടുത്തി കഴിഞ്ഞു. |
| (ഡി) | ഈ സംവിധാനം മൂലം പ്രയോജനം ലഭിക്കുന്നതു ഏതു തരത്തിലുള്ള ഇടപാടുകൾക്കാണെന്ന് വെളിപ്പെടുത്താമോ? | പെൻഷൻകാർ, ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉടമകൾ എന്നിവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്. |

| | | |
|---|---|---|
| (ഇ) | ഈ സംവിധാനത്തിന്റെ വിശദാംശം നൽകുമോ? | സാധാരണയായി പെൻഷനപേക്ഷയോ സേവിംഗ്സ് ബാങ്ക് ചെക്കുകളോ ട്രഷറി കൗണ്ടറിൽ കൊടുത്താൽ ബന്ധപ്പെട്ട അക്കൗണ്ടന്റ് അത് പരിശോധിച്ച് ആവശ്യമായ തുക അക്കൗണ്ടിൽ ഉണ്ടെന്ന് ഉറപ്പുവരുത്തുകയും അത് സൂപ്രണ്ടിന്റെ പരിശോധനയ്ക്ക് അയക്കുകയും ചെയ്യുന്നു. സൂപ്രണ്ട് ഇക്കാര്യം ഉറപ്പാക്കിയ ശേഷം ട്രഷറി ഓഫീസർക്ക് പേയ്മെന്റ് അനുവദിക്കുന്നതിനായി അയയ്ക്കുന്നു. ട്രഷറി ഓഫീസർ ഇത് പാസ്സാക്കി ട്രഷറർക്ക് പണം വിതരണം ചെയ്യുന്നതിന് നൽകുന്നു. ഇപ്രകാരം കൗണ്ടറുകളിൽ ലഭിച്ച ഇൻസ്ട്രമെന്റ് ട്രഷറർ മുഖേന പേയ്മെന്റ് നടത്തി കൊണ്ടിരുന്നതിനാൽ താമസം നേരിടുകയായിരുന്നു. ഈ തട്ടുകളെല്ലാം ടെല്ലർ സംവിധാനത്തിൽ ഒഴിവാക്കിയിരിക്കുകയാണ്. കൗണ്ടർ അക്കൗണ്ടന്റ് തന്നെ പരിശോധനയും പാസ്സാക്കലും പണവിതരണവും നിർവ്വഹിക്കുന്നു. |

സെക്ഷൻ ഓഫീസർ